Registered No. M-4485 Madras War Review, Malayalam—11-8-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ആഗസ്റ്റ് 11-ാംന്, വെള്ളിയാഴ്ച [ലക്കം 49

## ധീരരായ പതിന്നാലാം പടയ്ക്ക്



ബ്രിട്ടീഷ് പതിന്നാലാം സൈന്യത്തിനോട് നാം കൃതജ്ഞരായിരിക്കണം. ഈ യുദ്ധത്തിൽ എത്രയും ക്ലേശിച്ചുകൊണ്ടുള്ള യുദ്ധം ചെയ്യുവരാണ് അവർ.

—റൈററ് ഓണറബിൾ വിൻസ്റ്റൺ ചർച്ചിൽ, ആഗസ്റ്റ് 2-ാം തിയ്യതി ലണ്ടനിൽവെച്ച്

വിഷയവിവരം


| | ഭാഗം |
|---|---|
| ധീരരായ പതിന്നാലാം പടയ്ക്കു് .. .. | 1 |
| മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല .. .. | 2 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4, 5 |
| പ്രത്യേക ലേഖനങ്ങൾ .. .. .. | 6, 7, 8 |
| പതിന്നാലാം സൈന്യ യുവാക്കളെ! മദിരാശിക്കാർ സ്വാഗതം ചെയ്യുന്നു. | 9, 10 |
| ഇന്ത്യയിലെ യുദ്ധകാല സാമ്പത്തികസ്ഥിതി .. | 11 |
| ജപ്പാനിലേക്കുള്ള ദുർഗ്ഗമാൎഗ്ഗം .. .. | 12, 13 |
| ഇന്ത്യയിൽ ഭക്ഷണസംഭരണം .. .. | 14 |
| മദിരാശി ഗവൎമ്മേണ്ട് കടം എടുപ്പു് .. .. | 15 |
| സംസ്ഥാന ഗവൎമ്മേണ്ടുകൾ എടുപ്പിക്കുന്ന കടങ്ങൾ .. | 16 |


# മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല

## പൌരധ്വനി

വിജയങ്ങൾ ഓരോന്നോരോന്നു് കൈവരുന്നതിന്നിടയിൽ മി. വിൻസ്റ്റൺ ചൎച്ചിലിൻെറ ഉണർവോടുകൂടിയുള്ള ഓരോ ഘട്ടങ്ങളിലെ വാക്കുകൾ ഓൎമ്മിക്കുന്നതു് ഒരു സുഖമാണു്. ഈ വാക്കുകൾ ലോകചരിത്രം ഉണ്ടാക്കിയെന്നു് മറക്കേണ്ടാ. ലോകചരിത്രത്തിൽ ഏററവും ഇരുളടഞ്ഞ ഡൺകൎക്ക് സംഭവത്തിൽനിന്നു് എത്രയോ വഴി നാം ഇന്നു് നടന്നിരിക്കാം. എന്നാൽ അന്നേത്തെ ധീരഹൃദയം തന്നെയാണു് ഇന്നും ലോകഗതിയെ നിയന്ത്രിക്കുന്നതു്. മി. ചൎച്ചിൽ പൊതുജന നന്മക്കുവേണ്ടി കേന്ദ്രീകരിച്ച സൎവ്വശക്തികളും കൂടി ഫാസിസ്റ്റ് ശക്തിയെ തുലച്ചു കൊണ്ടുവരുന്ന ഈ ഘട്ടത്തിലും അദ്ദേഹത്തിൻെറ ധീരഹൃദയം തന്നെയാണു് പ്രവൃത്തിക്കുന്നതു്. മി. ചൎച്ചിൽ അന്നും ഇന്നും പറഞ്ഞതു നോക്കുക :

### 1940

"ബീച്ചുകളിലും, കപ്പലിൽനിന്നിറങ്ങുന്നേടങ്ങളിലും, വയലുകളിലും, വീഥികളിലും വെച്ചു ഞങ്ങൾ യുദ്ധം ചെയ്യും."

"ഞങ്ങൾ ഒററക്കാണു് യുദ്ധം ചെയ്യുന്നതെങ്കിലും, ഞങ്ങളുടെ രക്ഷക്കുവേണ്ടിമാത്രമല്ല."

### 1941 ജൂൺ

"നമ്മുടെ യത്നങ്ങൾ ഇരട്ടിച്ചു്, ജീവനും കെല്പും ഉള്ളപ്പോൾ ഒരു കൂട്ടടി അടിക്കുകതന്നെ."


"ഹിററ്ലൎക്കു അന്യദേശങ്ങളെ മുഷ്ക്കുകൊണ്ടു കീഴടക്കി ധ്വംസനം ചെയ്കയെന്നല്ലാതെ മറെറാരു പ്രകൃതവും ഇല്ല."

### 1944 മാൎച്ച്

"മനുഷ്യസമുദായത്തിൻെറ ശത്രുവായ ആ നിഷ്ഠൂര ശക്തിയുടെ തല തല്ലിപൊളിക്കുവാനുള്ള സന്ദൎഭത്തിൻെറ ശുഭമുഹൂൎത്തം സൎവ്വ രാഷ്ട്രങ്ങളും ഇപ്പോൾ കാത്തിരിക്കുകയാണു്."

### 1944 ആഗസ്റ്റ്

"ഗൎവ്വിഷ്ഠരായ ജൎമ്മൻസൈന്യങ്ങൾക്കു സൎവ്വ രംഗങ്ങളിലും പരാജയം നേരിടുന്നുവെന്നുമാത്രമല്ല, പൊതുജനങ്ങളുടെ വിശ്വാസവും, സൈന്യങ്ങളുടെ രാജഭക്തിയും ഇളക്കിത്തീൎക്കുമാറുള്ള സംഭവങ്ങൾ അവരുടെ രാജ്യത്തിന്നുള്ളിൽതന്നെ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ഐക്യകക്ഷി സൈന്യങ്ങൾ ജൎമ്മൻ രാജ്യത്തെ വളഞ്ഞുകൊണ്ടു വരുമ്പോൾ ജൎമ്മനിയിലെ നേതാക്കന്മാർ അന്യോന്യം കൊല ചെയ്യുകയാണു്."



## ആഴ്ചക്കുറിപ്പുകൾ

ബർമ്മാ യുദ്ധരംഗത്തിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചു് ഏറെക്കുറെ അവ്യക്തതയും ഗോപനവും വരുത്തിയതു് അവിടത്തെ ഭൂപ്രകൃതിയും യുദ്ധതന്ത്രവുമായിരുന്നു. എന്നാൽ ഈ രംഗത്തിൽനിന്നു് ഇടക്കിടക്കു് പുറപ്പെടുവിക്കുന്ന ഔദ്യോഗിക റിപ്പോർട്ടുകളിൽനിന്നു് ബ്രിട്ടീഷ്, അമേരിക്കൻ, ചൈനീസ് സൈന്യങ്ങളുടെ നിരന്തരപ്രവർത്തനങ്ങൾകൊണ്ടു് അവിടെ വരുത്തിക്കൂട്ടീട്ടുള്ള ഭയങ്കര സ്ഥിതി എന്താണെന്നു് നല്ലപോലെ വെളിവാകുന്നുണ്ടു്. ജാപ്പാൻ കൊള്ളക്കാർ മാനഭംഗം ചെയ്യു ബർമ്മയിൽ ഇന്നു് പ്രസ്തുത കൊള്ളക്കാർക്കു് അത്യന്താപത്തല്ലാതെ മറ്റൊന്നുമില്ലെന്നു് തീർച്ചയാണു്. എയർ ചീഫ് മാർഷൽ പിയർസിയും പതിനൊന്നാം സൈന്യനായകനായ ജനറൽ സേർ ജോർജ്ജ് ഗിഫാർഡും തമ്മിലുണ്ടായ എഴുത്തുകുത്തുകളിൽനിന്നു് ജാപ്പാൻകാർക്കു് പറ്റിയ ആപത്തിന്റെ ഗൗരവം ഏതാണ്ടു് അറിയുന്നുണ്ടു്. ബർമ്മയിൽ കഴിഞ്ഞ മൂന്നു മാസത്തിന്നുള്ളിൽ നടത്തിയ അതിഗംഭീരമായ യുദ്ധത്തിന്റെ ഒരു പ്രധാന അദ്ധ്യായമാണു് ഈ കത്തുകളിൽ കാണുന്നതു്. ഈ കത്തുകളിൽനിന്നു തന്നെ നമ്മുടെ ശക്തിയും, കാട്ടുരാജാവെന്നഭിമാനിക്കുന്ന ജാപ്പാന്റെ ശക്തിയും വ്യക്തമാകുന്നു. ജാപ്പാൻകാർക്കു് ബർമ്മയിലുണ്ടായിരുന്ന സൈന്യത്തിൽ പകുതി നശിച്ചു; അവരിൽ 50,840 ഭടന്മാർ നമ്മുടെ സൈന്യങ്ങളുടെ പ്രഹരംകൊണ്ടു് നശിച്ചുപോയഴിഞ്ഞു. ബോംബിങ്ങുകൊണ്ടും, കാട്ടിൽ കിടന്നരിക്ഷ്ടിച്ചും, പട്ടിണി കിടന്നും ചത്ത ജാപ്പാൻകാരുടെ എണ്ണം എത്രയാണെന്നു് ഇനിയും അറിഞ്ഞിട്ടില്ല. കുറ്റമല്ല, ഇംഫാൽ രംഗത്തിൽവെച്ചു് ജാപ്പാൻ സൈന്യത്തിന്നു് പറ്റിയപോലെ തടിക്കു തട്ടുമാറുള്ള ഒരാപത്തു് മറ്റൊരു രംഗത്തിലും അവർക്കുണ്ടായിട്ടില്ലാ എന്നു് എയർ ചീഫ് മാർഷൽ പിയേർസി പറയുന്നതു്. സൈന്യങ്ങളെക്കുറിച്ചു് ജനറൽ സേർ ജോർജ്ജ് ഗിഫാർഡ് പറയുന്ന ഒരഭിപ്രായം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്: "സൈന്യങ്ങളുടെ ശക്തികൊണ്ടു മാത്രമല്ലാ ഈ വിജയം ഉണ്ടായതു്; കരസൈന്യവും വിമാനസൈന്യവും ഒത്തൊരുമിച്ചു് നടത്തിയതായ സഹകരണത്തിന്റെ ഫലമാണു് ഈ വിജയം. ഇങ്ങിനെയുള്ള സഹകരണംതന്നെയാണു് ഭാവിയിലും ജാപ്പാൻകാരെ മുട്ടു കുത്തിക്കുവാൻ പോകുന്നതു്'.



മി. ചർച്ചിൽ രണ്ടാമതും നോർമാണ്ടിരംഗം സന്ദർശിച്ച കാൻരംഗത്തിൽ പട്ടാളക്കാരോടു സംസാരിച്ചു നില്ക്കുന്നു

### കൂട്ടടിയുടെ വിജയം

മേലുദ്ധരിച്ച വാക്കുകൾ വളരെ ഗുരുതരമുള്ളവയാകുന്നു. സഹകരണത്തിന്റെ യോഗ്യതകൊണ്ടുതന്നെയാണു് ലോകത്തിൽവെച്ചു് ഏറ്റവും ചീഞ്ഞതായ കാലത്തുകൂടി ചിണ്ടിറ്റ് സൈന്യത്തിന്നു് വിമാനം വഴിയായി ഭക്ഷണസാധനം കിട്ടുവാൻ സാദ്ധ്യമായതു്. സഹകരണംകൊണ്ടു തന്നെയാണു് ജാപ്പാൻ സൈന്യങ്ങൾ തിങ്ങിനിറഞ്ഞ ബർമ്മൻപ്രദേശങ്ങളിൽകൂടി ഐക്യകക്ഷികൾക്കു് വിമാനത്താവളങ്ങളും, ചെറിയ ചെറിയ സൈന്യസങ്കേതങ്ങളും സ്ഥാപിക്കാൻ സാധിച്ചതു്. ഈ വിധം ഐക്യകക്ഷി സൈന്യങ്ങൾക്ക താവളങ്ങൾ ഉറപ്പിക്കുവാൻ സാധിച്ചതിനാൽ ജാപ്പാൻ സൈന്യത്തിനെ ചിന്നിച്ചിതറുവാനും, ഈവിധം ചിന്നിച്ചിതറിയ കക്ഷണങ്ങളെ വേട്ടയാടി നശിപ്പിക്കുവാനും സാധിച്ചതു്. ഇങ്ങിനെ വേട്ട നിരന്തരമായി നടത്തിയതിനാൽ വടക്കൻ ബർമ്മയിൽ ജാപ്പാൻകാർക്കു് യാതൊരു രക്ഷയുമില്ലെന്നുള്ള സ്ഥിതിയായി. അടുത്ത ദിവസം മിത്ത്ക്യാനാ നഗരി ഐക്യകക്ഷി സൈന്യം പിടിച്ചതും സഹകരണത്തിന്റെ ഫലമാണു്. മേലിൽ ചൈനക്കുള്ള ബർമ്മാറോഡിൽനിന്നു് ജാപ്പാന്റെ ബാധയില്ലാതാ

ക്കാൻ സാധിക്കുന്നതും ഈ സഹകരണംകൊണ്ടുതന്നെയാണ്. സഹകരണം,—അതെ, കരസൈന്യങ്ങളും, വിമാനസൈന്യങ്ങളും, കടൽസൈന്യങ്ങളും തമ്മിലുള്ള സഹകരണം—തന്നെയാണ് പുതിയ രീതിയിലുള്ള യുദ്ധസമ്പ്രദായങ്ങളെ കണ്ടുപിടിക്കാനും ഉപകരിക്കുക. ഇതെല്ലാമിരിക്കട്ടെ; ബർമ്മയുടെ മദ്ധ്യപ്രദേശത്തു് ഭയങ്കരമായ കാട്ടിന്നിടയിൽ കിടക്കുന്ന ഇന്ദോഗി തടാകത്തിൽ അപായമൊന്നുമില്ലാതെ ചെന്നിറങ്ങുവാൻ ആർ. എ. എഫ്. വിമാനസൈന്യം മലകളും കാടുകളും കയറിമറിഞ്ഞ് പറന്നെത്തിയ കഥയൊന്നുമാത്രം ചരിത്രപ്രസിദ്ധമാണല്ലോ. ഏററവും പരിഷ്ക്കരിച്ചതായ യുദ്ധയന്ത്രങ്ങൾ എത്തിക്കുവാൻ യാതൊരു സൌകര്യവുമില്ലാത്ത സ്ഥലങ്ങളിൽ വിമാനമാർഗ്ഗമായി അഞ്ചു് തൻ തൂക്കമുള്ള പീരങ്കികൾ ചൈനക്കാരുടെ വേലകൊണ്ടു അമേരിക്കൻ വിമാനങ്ങൾ എത്തിച്ചിരുന്നതു് ചില്ലറ പണിയാണോ? ശത്രുക്കളാൽ ആവൃതവും അതിനിബിഡവുമായ ഈ സ്ഥലത്തു് യുദ്ധത്തിൽ വിജയം കൈവരുത്തുവാൻ സാദ്ധ്യമാക്കിയ ഏകസംഗതി സൈന്യത്തിന്റെ നാനാശാഖകളും തമ്മിലുള്ള സഹകരണം തന്നെയാണെന്നു് ആരും സമ്മതിക്കാതിരിക്കയില്ല. ഇത്രയെല്ലാം പറഞ്ഞതുകൊണ്ടു് ബർമ്മയിലുള്ള യുദ്ധം അവസാനിച്ചുവെന്നു് ആരും കരുതേണ്ടാ. ഇന്നു് ജാപ്പാൻകാർക്കു് അതികലശലായ പരാജയം പററീട്ടുണ്ടായിരിക്കും; അതിന്നു കാരണം അവരുടെ വിമാനസൈന്യസഹകരണമില്ലായ്മയും നല്ല സൈന്യനേതൃത്വത്തിന്റെ അഭാവവുമാകുന്നു. യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ട ഒരു ജാപ്പാൻകാരൻ പറകയുണ്ടായി, പത്തു ദിവസമായി സൈന്യമേധാവിത്വത്തിൽനിന്നു് യാതൊരു കല്പനയും കിട്ടീട്ടില്ലെന്നു്. എന്നാൽ ബർമ്മയിൽ ശത്രു ഇപ്പോഴും ശക്തിയുള്ളവനാണെന്നു നാം ഓർക്കണം;. ബർമ്മയിൽ മാത്രമല്ല, ഏഷ്യാ വൻകരയുടെ കിഴക്കൻ പ്രദേശത്തെല്ലാം. അതിനാൽ ഐക്യകക്ഷികൾ ഇനിയും അവനോടു് അതിശക്തിയായി പൊരുതേണ്ടിവരും. വിജയം കൈവന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വിശ്രമത്തിന്നുള്ള കാലമല്ലെന്നു് നമ്മുടെ റഷ്യൻ സൈന്യങ്ങൾ കാട്ടുന്നതു കണ്ടാൽ അറിയാമെല്ലോ.

## ജർമ്മൻ സൈന്യത്തിന്റെ മീശ പറിക്കുക

റഷ്യക്കാർ ഇപ്പോൾ ജർമ്മൻ സൈന്യത്തിന്റെ മീശ പറിക്കുകയാണെന്നു് മി. ചർച്ചിൽ പറഞ്ഞതു് എത്ര യഥാർത്ഥമാണ്? ജർമ്മനി തൊലഞ്ഞു കഴിഞ്ഞു. റഷ്യൻ സൈന്യം ജർമ്മൻകാരുടെ ജന്മഭൂമിയിൽനിന്നു കൊണ്ടാണു് യുദ്ധം നടത്തുന്നതു്. ഈ അഭിമാന കർമ്മം ഈസ്റ്റ് പ്രഷ്യയിലേക്കടിച്ചു കയറിയ റഷ്യൻ സൈന്യത്തിന്നു തന്നെയാണു് ഐക്യകക്ഷികളിൽ ആദ്യമായി സാധിച്ചതു്. ഈസ്റ്റ് പ്രഷ്യയിലേക്കുള്ള തള്ളിക്കയററം ഒന്നാന്തരം ഒരു യുദ്ധതന്ത്രവുമായിട്ടുണ്ടു്. ബാൾട്ടിക്ക് പ്രദേശത്തിലെ റിപ്പബ്ലിക്കൻ രാജ്യങ്ങളായ ലിത്തുനിയാ, ലാററ്വിയാ, എസ്ത്തോണിയാ ഇവിടങ്ങളിലുള്ള ഇരിപതു ഡിവിഷൻ ജർമ്മൻ സൈന്യങ്ങൾക്കു് ഇതിനാൽ യാതൊരു ഗതിയുമില്ലാതായിരിക്കുന്നു. കുററമാണോ, ജർമ്മൻകാരുടെ മീശ പറിക്കയാണു് റഷ്യൻ സൈന്യം ഇപ്പോൾ ചെയ്യുന്നതെന്നു് മി. ചർച്ചിൽ പറഞ്ഞതു്? മീശ പറിക്കുക മാത്രമല്ല, കുടൽമാല ചൂടുകയല്ലേ അവർ ചെയ്യുന്നതു്? സോവിയററ് സൈന്യം പോളണ്ടിന്റെ മുക്കാൽ ഭാഗവും സ്വാതന്ത്ര്യയാക്കി കഴിഞ്ഞു. ഇനി റഷ്യയും പോളണ്ടും തമ്മിൽ സൌഹാർദ്ദത്തോടുകൂടിയ ഒരു കരാറു് മാത്രമെ അവിടെ ചെയ്യാനുള്ളൂ. ഇതും തീർച്ചയായും സ്റ്റാലിൻ ചെയ്യുന്നതാണു്; റഷ്യക്കു രാജ്യം കൈവശപ്പെടുത്തുവാനുള്ള മോഹം പോളണ്ടിനെ സംബന്ധിച്ചില്ലെന്നു് സ്റ്റാലിൻ ആദ്യംതന്നെ ഉറപ്പു കൊടുത്തിരിക്കുന്നു. ഫാസിസ്റ്റ് വിഷം ബാധിച്ചു നശിച്ചുപോയതായ രാജ്യങ്ങളെ മോചിപ്പിക്കേണമെന്നെ അദ്ദേഹത്തിന്നു മോഹമുള്ളൂ. ഫിൻലാണ്ടിന്റെ ബുദ്ധിശൂന്യതകൊണ്ടു പ്രസ്തുത രാജ്യത്തിന്നു് കുറെ ആപത്തിൽ പെടേണ്ടിവന്നുവെന്നെ ഉള്ളൂ. അവിടെയും പത്തു് ഡിവിഷ്യൻ ജർമ്മൻ സൈന്യം നശിക്കാനൊരുങ്ങിയിരിക്കുന്നുണ്ടത്രെ.

## തുർക്കി: അങ്ങിനെയല്ലാതെ നിവൃത്തിയില്ല

തലേണ്ണമന്ത്രംകൊണ്ടു് തുർക്കിയുടെ തല തിരിച്ചുവിട്ടിരുന്ന ജർമ്മൻ പ്രതിനിധി വോൺ പേപ്പൻ തുർക്കിയിൽനിന്നു് പോയ്ക്കഴിഞ്ഞു. ആയാൾ ജർമ്മനിക്കു നേരെ പോകുമോ എന്നു സംശയമാണു്. ഒരുപക്ഷെ സ്വീററ്സർലാണ്ടിൽ കുറച്ചു വിശ്രമിച്ചേക്കാം. ഹിററ്ലർ ഇപ്പോൾ, ഇന്ദുലേഖയിലെ പഞ്ചു മേനവനെപോലെ, എല്ലാവരുടെയും നേരെ ശപഥം ചെയ്തു് കോപാന്ധനായി അട്ടഹസിച്ചു ചാടുകയാണു്. ഇപ്പോൾ ഹിററ്ലറുടെ അടുത്തുചെന്നു മുഖം കാണിച്ചാൽ വോൺ പേപ്പന്നുള്ള ഓണപ്പുടവ, തുർക്കിയെ ജർമ്മനിയുടെ ബന്ധു സംഘത്തിൽ നിന്നു വേർപെടുത്തിയ കുററത്തിന്നു്, വളരെ സാഹസമായിട്ടുള്ള ഒന്നായിരിക്കും.

## പ്രസിഡെണ്ടു് ക്വസൺ

ആഗസ്റ്റ് 2-ാം തിയ്യതി ന്യൂയോക്കിൽവെച്ച് പ്രസിഡെണ്ടു് ക്വസൺ അന്തരിച്ചു പോയി. ഇദ്ദേഹം ഫിലിപ്പൈൻ റിപ്പബ്ലിക്കിൻെറ പ്രസിഡെണ്ടായിരുന്നു. ഒരു കൊല്ലവുംകൂടി ജീവിച്ചിരിപ്പാനുള്ള ഭാഗ്യം അദ്ദേഹത്തിന്നുണ്ടായിരുന്നു വെങ്കിൽ തൻെറ രാജ്യത്തിൻെറ മോചനം കാണുവാനുള്ള ഭാഗ്യം ഉണ്ടായിരുന്നേനെ. നിഷ്കളങ്കനായ ഒരു ദേശാഭിമാനിയുടെ നിലയിൽ അദ്ദേഹം അമേരിക്കയോടു സഹകരിച്ചുകൊണ്ടു തൻെറ രാജ്യത്തിൻെറ പൂർണ്ണസ്വാതന്ത്ര്യത്തിലേക്കുള്ള വളർച്ചയെ ദൃഢപ്പെടുത്തിപ്പോന്നിരുന്നു. ഫിലിപ്പൈൻ ദ്വീപുകളെ ജാപ്പാൻകാർ ആക്രമിച്ചവസരത്തിൽ കോറിജിഡോർ യുദ്ധത്തിൽ പങ്കെടുത്തു ഒടുവിലത്തെ ഘട്ടമായപ്പോൾ മാത്രമാണു് ശത്രുവിൻെറ പിടിയിൽനിന്നു രക്ഷപ്പെട്ടതു്.

## ഐക്യകക്ഷി സൈന്യങ്ങൾ ഫ്രാൻസിൽ

ഈ രംഗത്തിൽ കഴിഞ്ഞാഴ്ചയുണ്ടായ ഗൌരവസംഭവം അമേരിക്കൻ സൈന്യങ്ങൾ പാരീസ് നഗരിയുടെ നേരെ ആരംഭിച്ച പുറപ്പാടാണു്. നോർമാണ്ടി രംഗത്തിൽ അമേരിക്കൻ, ബ്രിട്ടീഷ്, കനേഡിയൻ മുതലായ സൈന്യങ്ങൾ ചെന്നിറങ്ങി, ചേർബർഗ്, കോങ്ങ് മുതലായ വിജയങ്ങൾ നേടിയതിന്നു ശേഷം അധികരിച്ച പുരോഗതിയൊന്നുമില്ലാതെ ഇരിക്കുന്നവസരത്തിലാണു് നോർമാണ്ടിയുടെ പടിഞ്ഞാറെ തീരത്തുകൂടെ അമേരിക്കൻ സൈന്യം പുതുതായ ഒരാക്രമണം ആരംഭിച്ചു് അവറാഞ്ചസ്സ് മുതലായ സ്ഥലങ്ങൾ പെട്ടെന്നു് കൈവശപ്പെടുത്തിയതു്. ഈ സ്ഥലങ്ങളെല്ലാം ക്ഷണമാത്രകൊണ്ടു് കൈവശം വരുത്തി നോർമാണ്ടിക്കടുത്തുള്ള ബ്രിട്ടനിയിലേക്കു കുതിച്ചു. ബ്രിട്ടനിയിൽ കൂടി ഇപ്പോഴതാ, അമേരിക്കൻ സൈന്യം പാരീസിന്നു നേരെ ആക്രമണം ആരംഭിച്ചിരിക്കുന്നു. നോർമാണ്ടി രംഗത്തിലുള്ള ജർമ്മൻ സൈന്യത്തിന്നു് ഇങ്ങോട്ടുവരുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ ജനറൽ മണ്ട്ഗോമറിയും സൈന്യങ്ങളും അവിടെയുണ്ടു്. പരാജയം പ്രത്യക്ഷമായി കണ്ണിൽ കണ്ടിട്ടും ചാവാനൊരുങ്ങുന്ന ജർമ്മൻ സൈന്യത്തിൻെറ ബുദ്ധിശൂന്യത അവരുടെ രാഷ്ട്രീയമതവിശ്വാസം കൊണ്ടുണ്ടായിത്തീരുന്നതാണെന്നു് വ്യാഖ്യാനിക്കാമെന്നല്ലാതെ മറെറാരു വിധത്തിലും മനസ്സിലാകുന്നില്ല. എത്ര നിസ്സാരമായ പുരോഗതിയും ഈ രംഗത്തിൽ ഒരു മഹാവിജയമായി കരുതണം; ഏററവും ശക്തിയേറിയ ജർമ്മൻ യുദ്ധയന്ത്രത്തിന്നു വരുന്ന കേടുകളാണെന്നു് നാം മനസ്സിലാക്കണം.



ഇററലിയിൽ ന്യൂസിലാണ്ടു് സൈന്യങ്ങൾ, വാഹനങ്ങൾ കൊണ്ടുപോകാൻ പ്രയാസമായ ഒരു സ്ഥലത്തു് കോവർകഴുതകളുടെ മേൽസാമാനങ്ങൾ കടത്തുന്നു.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ആഗസ്റ്റ് 11-ാംനു, വെള്ളിയാഴ്ച


## ഒരു യുദ്ധതന്ത്രവിദഗ്ദ്ധന്റെ സിംഹാവലോകനം

കഴിഞ്ഞാഴ്ച, മിസ്റ്റർ ചൎച്ചിൽ യുദ്ധകാൎയ്യങ്ങളെക്കുറിച്ച് ബ്രിട്ടീഷ് പാർളിമെന്റിന്നു നൽകിയ റിപ്പോർട്ടിൽ അന്തർഭവിച്ചുകാണുന്ന ശുഭപ്രതീക്ഷ ഏററവും സ്മരണീയം തന്നെയാണ്. യുദ്ധം തുടങ്ങിയതിന്നുശേഷം ഓരോ വിഷമഘട്ടത്തിലും ഉള്ള ഗൌരവാവസ്ഥയെക്കുറിച്ച് അദ്ദേഹം ബ്രിട്ടീഷ് ജനതയേയും ലോകരേയും ഓൎമ്മിപ്പിക്കുവാൻ മടിച്ചിട്ടില്ല. യുദ്ധം തുടങ്ങിയതിന്നുശേഷം ഏററവും ഇരുളടഞ്ഞ ആദ്യത്തെ രണ്ടു കൊല്ലകാലം കഴിഞ്ഞ് നാം ഒട്ടധികം യാത്രചെയ്തു; ഐക്യകക്ഷികളിൽ ഒരു ഗണ്യമായ അംഗമായിരുന്ന ഫ്രാൻസിന്റെ അധഃപതനം കഴിഞ്ഞു നോക്കുമ്പോൾ ബ്രിട്ടൻ തനിച്ചായിരുന്നു ശത്രുവിനോടു പൊരുതുവാനുണ്ടായിരുന്നത്. ശത്രുവിന്റെ നേരെ ദ്വേഷ്യപ്പെട്ടുകൊണ്ട് അശരണയായി ഒററക്കു നിന്നിരുന്ന അക്കാലത്തും ധൈൎയ്യപ്പെടുത്തുവാൻ ഈ മഹാപുരുഷന്റെ, ഗൎജ്ജനം മാത്രമേ ഉണ്ടായിരുന്നുള്ളു. സമാധാനപ്രദമായി ഒരു വാക്കുപോലും അക്കാലത്ത് അദ്ദേഹത്തിന്ന് പറവാനുണ്ടായിരുന്നില്ലെന്നുമാത്രമല്ല തെണ്ടിച്ചുകൊൾവിൻ, ചത്തുകൊൾവിൻ, കണ്ണീരും കയ്യുമായി കരഞ്ഞുകൊൾവിൻ എന്നു മാത്രമേ അദ്ദേഹത്തിന്നു പറവാനുണ്ടായിരുന്നുള്ളു. ഈ കാലങ്ങളിലെല്ലാം മി. ചൎച്ചിൽ മാത്രമായിരുന്നു പൊതുജനശക്തിയുടെ നേതൃത്വം വഹിച്ചുകൊണ്ടുള്ള ഒരാൺകുട്ടി. അദ്ദേഹത്തിന്റെ ധൈൎയ്യം ഉൽപാദിപ്പിക്കുമാറുള്ള പ്രസംഗങ്ങളും, കാലോചിതമായ പ്രവൎത്തികളുമാണ് ഇന്ന് ഹിററ്ലറുടെയും ജാപ്പാന്റെയും നേരെയുള്ള യുദ്ധം വിചാരിച്ചതിൽ ചുരുങ്ങിയ കാലംകൊണ്ടവസാനിക്കുമെന്ന് അദ്ദേഹത്തിന്ന് ഉച്ചൈസ്തരം പറയുവാൻ കാരണമാക്കിയത്. സമാധാനം വന്നതിന്നുശേഷം ഇക്കാലങ്ങളിലെ ചരിത്രം എഴുതിക്കണ്ടാൽമാത്രമെ ലോകം എത്രകണ്ട് ഈ മഹാമനുഷ്യന്ന് കടപ്പെട്ടിട്ടുണ്ടെന്ന് അറിയുവാൻ സാധിക്കയുള്ളു.

നാസികളുടെ സൎവ്വശക്തിയും അവർ ഉപയോഗിച്ചു ഞങ്ങളുടെ നേരെ യുദ്ധത്തിന്നു വന്നുകൊള്ളട്ടെ; ബ്രിട്ടനിലെ ജനത കടലോരങ്ങളിലും, ഗ്രാമങ്ങളിലും, ഇടവഴികളിലുംവെച്ച് യുദ്ധംചെയ്ത് അവരുടെ ജന്മഭൂമിയുടെ ഓരോ ഇഞ്ച് സ്ഥലവും രക്ഷിക്കുവാൻ ശ്രമിക്കാതിരിക്കയില്ല; എന്ന് ഹിററ്ലർ അറിയുമാറ് മി. ചൎച്ചിൽ പ്രസംഗിച്ച പ്രസംഗം നാസിനേതാവിന്റെ മൎമ്മത്ത് കൊള്ളുന്ന ഒരോമരമായിരുന്നുവെന്ന് ഇപ്പോളല്ലേ അറിയുന്നത്. കടലോരങ്ങളിലും, ഗ്രാമങ്ങളിലും, ഇടവഴികളിലുമെല്ലാം ഇപ്പോൾ യുദ്ധം നടക്കുന്നു; പക്ഷെ അത് ബ്രിട്ടനിലല്ലെന്നെ ഉള്ളു. ഹിററ്ലറുടെ അവഗാഹ്യമാണെന്നു കരുതിയ കോട്ടകളുള്ളിൽ ഐക്യസൈന്യങ്ങൾ കടന്നുചെന്ന് അവിടെവെച്ചാണ്. താനൊരു തക്ഷകനാണെന്നഭിമാനിക്കുന്ന ജൎമ്മൻ പട്ടാളപ്പുഴുവിന്നുണ്ടോ ഇതെല്ലാം കണ്ടാൽ ഉറക്കം വരുന്നു! ലോകത്തിന്ന് മഹാബാധയായി പരിണമിച്ച ഈ മനുഷ്യന്റെ ഇന്നത്തെ ചിത്രത്തിലും വിചിത്രമായി മറെറന്താണുള്ളത്! പ്ലേഗ് ബാധിച്ച ഒരു പ്രദേശത്ത് കണിയിൽപെട്ട ഒരു എലിയും ഹിററ്ലറും തമ്മിൽ എന്തൊരു സാമ്യമാണിപ്പോൾ കാണുന്നത്! തന്റെ വമ്പൻ സൈന്യത്തിന്റെ ഇരുപതു ഡിവിഷ്യൻ ബാൾട്ടിക്ക് രംഗത്തിലും, പത്തു ഡിവിഷ്യനിൽ കുറയാതെ ഫിൻലണ്ടിലും കുടുങ്ങിക്കിടക്കുന്നു. ഇവരുടെ ഗതി ഒരുപക്ഷെ റഷ്യൻസൈന്യത്തിന്ന് സാഷ്ടാംഗപ്രണാമം, അല്ലെങ്കിൽ കശാപ്പുകാരന്റെ കൈവശമുള്ള ആട്ടിന്നുള്ള രക്ഷയെന്നല്ലാതെ മറെറന്താണ്? തോല്ക്കാൻപോകുന്ന നിങ്ങളുടെകൂടെ നിന്നിട്ടു കാൎയ്യമില്ല; ഞാൻ ഐക്യകക്ഷികളുടെകൂടെ പോകുന്നുവെന്ന് തുൎക്കി പറഞ്ഞതൊരുവക; ക്രോം മുതലായ യുദ്ധോപകരണങ്ങൾ ഇനി തരുന്നതല്ലെന്ന് തുൎക്കി പറഞ്ഞതുകേട്ടു മൌനം അവലംബിക്കേണ്ടിവന്ന അവമാനം മറെറാരുവക; നാലുപുറത്തുനിന്നും പത്മവ്യൂഹം ചമച്ചുകൊണ്ട് അലതല്ലി അടിച്ചുകയറുന്ന ഐക്യകക്ഷിസൈന്യത്തിന്റെ വരവു കണ്ട് തന്റെ കഴിവില്ലായ്മയെക്കുറിച്ച് വ്യസനിച്ചിരിക്കേണ്ടിവന്ന ജാള്യത മൂന്നാമതൊരുവക; ഐക്യകക്ഷിവിമാനങ്ങൾ അഹോരാത്രം ഗൎജ്ജിച്ചുവന്ന് ജൎമ്മനിയുടെ നാനാഭാഗവും ചുട്ടുപൊട്ടിച്ച് ശ്മശാനമാക്കിത്തീൎക്കുന്ന കാഴ്ച, മറെറാരുവക; ജൎമ്മൻ ജനതതന്നെ ഹിററ്ലറുടെ നേതൃത്വം തങ്ങൾക്കു വേണ്ടെന്നുവെച്ച് ആയാളെ പേനായയെപ്പോലെ കൊല്ലുവാൻ ശ്രമിക്കുന്നതു വേറൊരുവക—എന്തിനധികം പറയുന്നു, ലോകം മുഴുവൻ വെറുക്കുന്നതായ ഈ സാധനത്തിന്റെ ആഭാസജീവിതംപോലെ മററാരുടെതാണിന്നുള്ളത്!

## കാലം നമുക്കനുകൂലമാണു്

കുററമല്ല, ജർമ്മൻ സൈന്യനായകന്മാരിൽ പലരും വിപ്ലവത്തിന്നൊരുങ്ങിയതു്. ഇത്രയെല്ലാമായിട്ടും ഹിററ്ലക്കും ആയാളുടെ നാസി കൂട്ടക്കാക്കും യുദ്ധത്തിൽ വിജയം വരുവാൻ വമ്പു കാട്ടിയാലും, നുണ പറഞ്ഞാലും, ലഹള കൂട്ടിയാലും മാത്രം പോരെന്നു് മനസ്സിലായിട്ടില്ല. ഹിററ്ലറുടെ യുദ്ധതന്ത്രവും ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ യുദ്ധതന്ത്രവും തമ്മിലുള്ള വ്യത്യാസം ഇവിടെയാണു് വ്യക്തമായി കാണുന്നതു്. എത്രയും ക്ഷമയോടും ദീർഘദർശനശക്തിയോടുംകൂടിയാണു് മി. ചർച്ചിൽ തന്റെ യുദ്ധതന്ത്രം മനസ്സിലാക്കിയതു്. കാലനിർണ്ണയത്തിൽകൂടി അദ്ദേഹം അതിവൈദഗ്ദ്ധ്യത്തോടുകൂടിയ തന്ത്രം പ്രദർശിപ്പിച്ചിരിക്കുന്നതിനാൽ ഒരുപക്ഷെ ഇന്ന കൊല്ലം, ഇന്ന മാസം, ഇത്രാം തിയ്യതി, ഇത്ര മണിക്കു് ഹിററ്ലറെ പരിപൂർണ്ണമായി തോല്പിച്ചുകൊള്ളാമെന്നു് മി. ചർച്ചിൽ നിർണ്ണയിച്ചിട്ടുണ്ടായിരിക്കുമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. എന്തൊരു സൂക്ഷ്മനിരീക്ഷണമാണിതെല്ലാം!

മി. ചർച്ചിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യേ ഫ്രാൻസിന്റെ പ്രദേശങ്ങൾ ഓരോന്നോരോന്നായി മോചനം ലഭിച്ചു് ഐക്യകക്ഷികളുടെ കൈവശം വന്നുചേരുന്നു. ബ്രിട്ടനിയിൽകൂടി അമേരിക്കൻ സൈന്യം തെക്കോട്ടു കുതിക്കുന്നതും കോങ്ങിന്നു് തെക്കും കിഴക്കുമായി ബ്രിട്ടീഷ് സൈന്യങ്ങളും കനേഡിയൻ സൈന്യങ്ങളും കുതിക്കുന്നതും അതേസമയം തന്നേയായിരുന്നു. നമുക്കു് ഇന്നു് ശത്രുവിനേക്കാൾ സൈന്യശക്തി എന്തുകൊണ്ടും വന്നിരിക്കുന്നുവെന്നായിരുന്നു അദ്ദേഹം ബ്രിട്ടീഷ് പാർലിമെന്റിന്നു് കൊടുത്ത ഉറപ്പു്.

## ജാപ്പാന്റെ പരാജയത്തെക്കുറിച്ചുള്ള പ്രതീക്ഷ

ഈ രംഗത്തെക്കുറിച്ചും മി. ചർച്ചിലിന്നു് ഏററവും വലിയ ശുഭപ്രതീക്ഷയാണു് പ്രസംഗത്തിൽ കാണുന്നതു്. "ഹിററ്ലറെ തോല്പിച്ചുകഴിഞ്ഞാൽ ജാപ്പാനെ തോല്പിക്കാൻ വേണ്ടിവരുന്ന കാലം ഞാൻ മുൻപു് കരുതിയതിലും കുറച്ചേ വേണ്ടിവരികയുള്ളുവെന്നു് എനിക്കിപ്പോൾ തോന്നുന്നു." അഡ്മിറൽ നിമിററ്സിന്റെ നേതൃത്വത്തിലുള്ള കടൽസൈന്യവും, ജനറൽ മക്കു് ആർതറുടെ കീഴിലുള്ള കരസൈന്യവും അത്രത്തോളം തൃപ്തികരമായ കർമ്മപദ്ധതിയാണു് ശാന്തസമുദ്രരംഗത്തിൽ നിറവേററിവരുന്നതു്.



മിത്ത്ക്യാനാ, ടാമു എന്നീ സ്ഥലങ്ങൾ ജാപ്പാൻകാരുടെ കൈക്കൽനിന്നു് ഐക്യകക്ഷി സൈന്യങ്ങൾ അടുത്തവസരത്തിൽ പിടിച്ചതോടുകൂടി ചൈനക്കുള്ള ഗതാഗതം കുറെക്കൂടി സുരക്ഷിതമായിരിക്കുന്നു. ബർമ്മയിൽ ഇതേവരെ നടത്തിവന്ന യുദ്ധം ബ്രിട്ടീഷ്, ഇന്ത്യൻ, അമേരിക്കൻ എന്നീ സൈന്യങ്ങളുടെ സർവ്വതോമുഖമായ സൈന്യശക്തിയുടെ സഹകരണത്തിന്റെയും, അവരുടെ ധീരതയുടെയും ഫലമാകുന്നു. കാടുകൾക്കും മലകൾക്കും ഉള്ളിൽ സൂത്രസ്ഥാനങ്ങളിൽ ജാപ്പാൻകാരറിയാതെ വിമാനസങ്കേതങ്ങൾ സ്ഥാപിച്ചതും, എത്രയും ആപൽകരമായ പ്രദേശങ്ങളിൽകൂടി സ്വകാര്യമായി സൈന്യങ്ങളെ ഓരോ സ്ഥലങ്ങളിൽ എത്തിച്ചതും, വിമാനമാർഗ്ഗമായി സൈന്യങ്ങളെയും യുദ്ധസാമഗ്രികകളേയും എത്തിച്ചതും, പ്രകൃതിദത്തമായ കഷ്ടപ്പാടുകളെ ആക്ഷേപമില്ലാതെയും ക്ഷമയോടും സഹിച്ചു് ഈ പ്രദേശങ്ങളിൽ ജീവിതം കഴിച്ചതും, ഇതെല്ലാം അവയെ നേരിടേണ്ടിവന്ന ധീരകേസരികളെ കുറിച്ചേടത്തോളം യുദ്ധചരിത്രത്തിൽ ഏററവും അഭിമാനകരമായ അദ്ധ്യായങ്ങളാകുന്നു. വീരപുരുഷന്മാരെക്കൊണ്ടു് ചമച്ചതായ സൈന്യവ്യൂഹമാണു് പതിന്നാലാം പടയെന്നു് പറയുന്നതിന്റെ അർത്ഥവും ഇതാണു്; മി. ചർച്ചിൽ അവരെ അളവററു് സ്തുതിച്ചതും ഇതുകൊണ്ടാണു്. ഈ സൈന്യത്തിൽപെട്ട അനവധി ധീരാത്മാക്കൾ നമ്മുടെ സംസ്ഥാനത്തിൽനിന്നു തന്നെയുണ്ടു്. അവരിൽ കുറെ ആളുകൾ ഈയാഴ്ച കല്പനയിൽ മദിരാശി എത്തി വിശ്രമിക്കുന്നതുമുണ്ടു്. അവർ നേരിട്ടു് ബർമ്മാരംഗത്തിൽനിന്നു വരുന്നവരാണു്. മദിരാശിവന്നു് അവർ അവരവരുടെ ഗൃഹങ്ങളിൽ എത്തിച്ചേരുന്നതിന്നു മുമ്പു് അവരെ പട്ടണത്തിൽ വെച്ചു് സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു സന്തോഷമഹോത്സവം കഴിഞ്ഞയാഴ്ച നാം കൊണ്ടാടുകയുണ്ടായല്ലോ.

## മി. ചർച്ചിലിന്റെ ഗൂഢായുധം

ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയിൽ ഫ്ലോറൻസ് നഗരി പിടിച്ചുകഴിഞ്ഞു. ബർമ്മാരംഗത്തിലെന്നപോലെ ഇവിടെയും ഇന്ത്യൻ സാപ്പർ സംഘം അവരുടെ വൈദഗ്ദ്ധ്യം വെടിപ്പായി കാട്ടീട്ടുണ്ടു്. മററു രംഗങ്ങളിലുള്ള സൈന്യങ്ങളെക്കാൾ അധികരിച്ചു് ഇററാലിയൻ രംഗത്തിലാണു് ഐക്യകക്ഷി സൈന്യം യഥാർത്ഥത്തിൽ ഒരു സർവ്വരാജ്യ സൈന്യമായിക്കാണുന്നതു്. ഇതിലും വലുതായ ഒരു കർമ്മൈക്യത മറെറ

വിടേയും കാണ്മാൻ തരമില്ല. ഇന്ത്യയിൽ ഹിന്തുക്കളും മുസ്ലീമിങ്ങളും തമ്മിലും കാണേണ്ടതു് ശബ്ദ ഐക്യതയല്ല, കർമ്മ ഐക്യതയാണെന്നു് സേർ സുൽത്താൻ അഹമ്മദ്ദു് കഴിഞ്ഞാഴ്ച പ്രസ്താവിച്ചതു് ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണു്. ഓരോരുത്തനുമുള്ള സ്വാർത്ഥപ്രാപ്തിയെ മറന്നു് എല്ലാവരും പൊതുവെ മഹത്തായിട്ടുള്ള ഒരു വിശിഷ്ട ലക്ഷ്യത്തിലേക്കു സർവ്വരും ഒത്തുചേർന്നു് നടന്നെങ്കിലെ വിജയത്തിന്നു് വഴിയുള്ളു വെന്നു് മി. ചർച്ചിൽ ഇതുവരെ യുദ്ധകാര്യത്തിൽ ആചരിച്ചു വന്ന നയം കൊണ്ടും, അതിൽനിന്നിപ്പോൾ ഉണ്ടായിക്കാണുന്ന ഫലപ്രാപ്തി കൊണ്ടും പ്രത്യക്ഷമാണു്. മി. ചർച്ചിലിന്റെ ഗൂഢായുധവും ഈ നയം തന്നെയായിരുന്നു.

---

## സുരക്ഷിതവും ആദായകരവുമായ ഇടവാട്ട്

കൊല്ലം 1958 ൽ മടങ്ങിക്കിട്ടാവുന്നതും 3 പണം പലിശയുള്ളതുമായ ഒരു ഇടവാടാണു് മദിരാശി ഗവർമ്മേണ്ടു് 1944 ആഗസ്റ്റ് 15-ാം തിയ്യതി എടുപ്പിക്കാൻ പോകുന്ന കടം. നിശ്ചിത ദിവസം രാവിലെ 10 മണി മുതല്ക്കു ഇതിനെ സംബന്ധിച്ച പണം പിരിവു് ആരംഭിക്കും. മുപ്പതു കോടി ഉറുപ്പിക കൊല്ലത്തിൽ വരവുള്ള മദിരാശി ഗവർമ്മേണ്ടിന്റെ പിൻബലം ഇതിന്നുള്ളതിനാൽ ഇതിന്റെ രക്ഷയെക്കുറിച്ചു യാതൊന്നും സംശയിക്കാനില്ല. പണം വളരെ സുലഭവും അതുള്ളവർ, മകൾക്കു ഭർത്താവിനെയെന്നപോലെ, കെട്ടിക്കൊണ്ടു നടന്നു് കടം വാങ്ങുവാൻ വല്ലവരും ഉണ്ടോ എന്നന്വേഷിച്ചു് നടക്കുന്ന കാലവുമായതിനാൽ ഇക്കാലത്തു 3 പണം പലിശ ഏററവും ആകർഷണീയമായ ആദായമാണു്. സർവ്വ രക്ഷയും ആകർഷണീയതയും ഒരിടവാടിന്നുണ്ടെങ്കിൽ കൂടി അതു് തൃപ്തികരമാവാൻ വളരെ പ്രയാസമായേക്കും. എന്നാൽ ഈ കടത്തിന്നു സ്വതസിദ്ധമായിട്ടെന്നപോലെ, തൃപ്തികരമായ ചില ഗുണങ്ങളുണ്ടു്. മദിരാശി ഗവർമ്മേണ്ടിന്റെ നയം കടം വാങ്ങുന്ന കാര്യത്തിൽ ആയതു് ആദായകരമായ വിഷയത്തിലേക്കു മാത്രമെ ഉപയോഗിക്കയുള്ളുവെന്നാണു്. ഈ നയത്തെ അടിസ്ഥാനപ്പെടുത്തി മദിരാശി ഗവർമ്മേണ്ടു് ഇന്ത്യാ ഗവർമ്മേണ്ടിലേക്കു കൊടുപ്പാനുള്ള "കൺസോളിഡെറററഡ്" കടത്തിലേക്കു കൊടുക്കുന്നതായിരിക്കും. ഇന്ത്യാ ഗവർമ്മേണ്ടിലേക്കുള്ള ഈ കടം ഉണ്ടായതെങ്ങിനെയാണു്? 1937 ഏപ്രിൽ 1-ാം തിയ്യതിക്കു മുമ്പു മദ്രാസ് സംസ്ഥാനത്തിൽ അനുഭവപ്രദമായ ചില വിഷയങ്ങളിലെ ചെലവിലേക്കു ഇന്ത്യാ ഗവർമ്മേണ്ടിൽ നിന്നു് മദിരാശി ഗവർമ്മേണ്ടു് കുറെ പണം വായ്പ വാങ്ങിയതാണു് ഈ കടം. അന്നേത്തെ നിശ്ചയമനുസരിച്ചു് കൊല്ലത്തിൽ രണ്ടു തവണ ഈ കടത്തിലേക്കു 1937-38 മുതൽ പണം അടച്ചുവന്നിരുന്നു. നാല്പത്തഞ്ചു കൊല്ലം കൊണ്ടു് ഈ വിധം കടം തീർക്കുവാനാണു് നിശ്ചയം. ഈ അടവുകൾക്കു പുറമെ രണ്ടു പ്രാവിശ്യം മുൻകൂറടച്ചു് 250·10 ലക്ഷം ഉറുപ്പികയും കടത്തിലേക്കു ഈടായിരിക്കുന്നു. ഇനി ഈ കടത്തിൽ ബാക്കി അടയുവാൻ 464·54 ലക്ഷം ഉറുപ്പികമാത്രമെ ഉള്ളു. ഈ ബാക്കിക്കു ഇപ്പോൾ കൊല്ലത്താൽ 25½ ലക്ഷം ഉറുപ്പിക പലിശ മദിരാശി ഗവർമ്മേണ്ടു് ഇന്ത്യാ ഗവർമ്മേണ്ടിലേക്കടക്കണം. ഇപ്പോൾ എടുപ്പിക്കാൻപോകുന്ന കടം കൊണ്ടു് ബാക്കി കടത്തിന്റെ ഗണ്യമായ ഒരു ഭാഗം വീടിപ്പോകുന്നപക്ഷം അത്രത്തോളം പലിശക്കുള്ള സംഖ്യ മററുപയോഗപ്രദങ്ങളായ ചെലവുകളിലേക്കുപകരിക്കുവാൻ കഴിയും. അതിനാൽ മദ്രാസ് ഗവർമ്മേണ്ടു് ഇപ്പോൾ എടുപ്പിക്കുന്ന കടത്തിലേക്കു ധാരാളം പണം കൊടുത്തുകൊൾവിൻ.

---

# ബ്രിട്ടീഷ്–ജർമ്മൻ യുദ്ധം

## 258-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ച

# പതിന്നാലാം സൈന്യത്തിലുള്ള മദിരാശിക്കാരായ യുവാക്കളെ!

## മദിരാശിയിലെ ജനങ്ങൾ നിങ്ങൾക്കു് സ്വാഗതം ചെയ്യുന്നു

ബർമ്മയിലെ യുദ്ധരംഗത്തിൽനിന്നു് തിരിച്ചുവരുന്ന പതിന്നാലാം സൈന്യത്തിലെ ആയിരത്തോളം തെക്കെ ഇന്ത്യൻ യുവാക്കൾക്കു് ആദ്യം ഒരു പ്രാവശ്യം മദിരാശിക്കാർ സ്വാഗതം ചെയ്തതിന്നു പുറമെ, ഇപ്പോൾ ഒരായിരം ആളുകൾക്കും അടുത്തവസരത്തിൽ സ്വാഗതംചെയ്തു. രണ്ടു വണ്ടി നിറയെ ഈ ഭടന്മാർ മദിരാശി സെൻട്രൽ സ്റ്റേഷനിൽ എത്തിച്ചേർന്നവസരത്തിലുണ്ടായ കാഴ്ച വളരെ ഹൃദയസ്പൃക്കായിരുന്നുവെന്നു് പറയാതെ കഴികയില്ല. ഇവരെ സ്വാഗതം ചെയ്തുകൊണ്ടുള്ള സംഗീതം അല്പമെങ്കിലും പുറത്തേക്കു കേൾപ്പാൻ നിവൃയില്ലാതിരിക്കുമാറു് അത്ര ഘോഷിച്ചുകൊണ്ടായിരുന്നു സന്തോഷഭരിതമായ ജയജയശബ്ദം. വന്നെത്തിയ പട്ടാളത്തിനെ എതിരേല്ക്കാൻ ബ്രിഗേഡിയർ മക്ക്ഗ്രിഗോർ സ്റ്റേഷനിലുണ്ടായിരുന്നു. അദ്ദേഹം സബ്ബ് ഏരിയ കമാണ്ടറാണു്. കുറച്ചു നേരത്തിന്നുള്ളിൽ സ്വദേശത്തു വന്നെത്തിയ സന്തോഷംകൊണ്ടു് ആനന്ദഭരിതരായ യുവാക്കളെക്കൊണ്ടു് പ്ലാററ്ഫോറം നിറഞ്ഞു. ഇവരിൽ അനവധി ആളുകളുടെ സ്വദേശം മദ്രാസിന്നടുത്തായിരുന്നുവെങ്കിലും പകുതിയിലധികവും ത്രിശ്ശിനാപ്പള്ളി, മധുര, തിരുനെൽവേലി, തിരുവനന്തപുരം, കൊച്ചി, മലയാളം എന്നീ പ്രദേശങ്ങളിലുള്ളവരാണു്.

സ്റ്റേഷനിൽനിന്നു അവർക്കു് നിർണ്ണയിച്ച വസതികളിൽ എത്തിച്ചേരുന്ന മാർഗ്ഗം അതികമനീയമായി വിതാനിച്ചിരുന്നു. കൊടിക്കൂറകളും തോരണങ്ങളും പാറിക്കളിച്ചിരുന്നതിന്നു പുറമെ "മദിരാശിക്കാർ അവരുടെ ധീരയോദ്ധാക്കളെ സ്വാഗതം ചെയ്യുന്നു"വെന്നു് പറഞ്ഞുകൊണ്ടുള്ള ഒരു കൊടിയും തൂങ്ങിയിരുന്നു. തീവണ്ടിയിൽ വളരെ ദീർഘയാത്ര ചെയ്തുകൊണ്ടു് പുറത്തുവന്നു് കാൽനീട്ടി നടക്കുവാൻ കൊതിച്ചവരായിരുന്നു അവരിൽ പലരും. പക്ഷെ എത്രയും ക്ഷീണിച്ചിരുന്നതുകൊണ്ടു് കഴിയുന്ന വേഗത്തിൽ തങ്ങളുടെ വിശ്രമസ്ഥലത്തെത്തിച്ചേരുവാനായിരുന്നു അവരുടെ ഇഷ്ടം. അതിനാൽ അവർ വേഗം ദ്വീപ് പവിലിയണിൽ വന്നെത്തി, ഇവിടെ എത്തിയതിന്നുശേഷം അവർ ഡിസ്ട്രിക്ട്‌വാറായി അവരുടെ സങ്കേതങ്ങൾ ഉറപ്പിച്ചു.

ഇതിന്നുശേഷം ഉണ്ടായ കാഴ്ച വളരെ കൌതുകമായിരുന്നു. മദിരാശി പരിഷ്ക്കാരത്തിൽ തെയ്യാറാക്കിയ ഭക്ഷണം കൊണ്ടു് അതിഥിസൽകാര കമിററി ഹാജരുണ്ടായിരുന്നു. ഇതിന്റെയും ഇതിന്നുശേഷമുണ്ടായ വിനോദങ്ങളുടെയും ചെലവു് ചെയ്തതു് തുണിച്ചരക്കു വ്യാപാരി സംഘത്തിന്റെ വകയാണു്. ഒന്നിനൊന്നു് തൊട്ടു് വളരെ നീളത്തിൽ ഇട്ടിരുന്നതായ മേശകളിന്മേൽ വിഭവസമൃദ്ധമായ ഒരു സൽക്കാരമാണു് കാണപ്പെട്ടതു്. യാത്രകൊണ്ടു് ക്ഷീണിച്ചുതളർന്ന ഇവർ താന്താങ്ങളുടെ ഗൃഹങ്ങളിൽ പരിചയിച്ച ഭക്ഷണം സന്തോഷത്തോടുകൂടി കഴിക്കുന്നതു് കാണ്മാൻ ഒരു ചന്തം തന്നെയായിരുന്നു. ബർമ്മയിലെ കാടുകളിൽ കിടക്കുമ്പോളുണ്ടോ ഇവർ ഇത്തരത്തിലുള്ള ഭക്ഷണം കഴിച്ചിട്ടു്?

അതിഥി സൽക്കാരത്തിൽ ഏററവും പ്രധാനമായി കാണപ്പെട്ടതു് മദിരാശി ഗവർണ്ണരുടെ പത്നി ലേഡിഹോപ്പിനെയായിരുന്നു. അതിഥി സൽക്കാരക്കമിററിയുടെ പ്രവൃത്തിക്കാർ ചോറും കറിയും, മററു മധുര പദാർത്ഥങ്ങളും പാനീയങ്ങളും വേണ്ടെടത്തോളം അതിഥികളുടെ ഇലകളിൽ കൊണ്ടു വിളമ്പിയിരുന്നതിന്റെ പിന്നിൽ എല്ലാം നിയന്ത്രിച്ചുകൊണ്ടാണു് ലേഡി ഹോപ്പിന്റെ നില കാണപ്പെട്ടതു്.


തുണിച്ചരക്കു് വ്യാപാരമണ്ഡലത്തിന്റെ പ്രസിഡെണ്ടും ഞാനും കൂടി അനവധി പട്ടാളക്കാരോടു് സംസാരിച്ചു. എന്തൊരു കഷ്ടപ്പാടും ക്ലേശവും അവർ അനുഭവിച്ചുവെങ്കിലും സ്വഗൃഹത്തിൽ എത്തിചേർന്ന സന്തോഷം അവരുടെ സ്മേരവദനങ്ങളിൽ സ്പഷ്ടമായിരുന്നു. അവരിൽ ഒരുവൻ താടിവളർത്തിക്കണ്ടപ്പോൾ ആയാൾ സിക്കുകാരനായിരിക്കുമോ എന്നു ഞാൻ ശങ്കിച്ചു. പക്ഷെ കാടുകളിൽ ജീവിക്കുമ്പോൾ വെള്ളത്തിന്നുണ്ടായ ക്ഷാമം

കൊണ്ടു് താടി വളൎന്നുപോയെന്നെ ഉള്ളുവെന്നായിരുന്നു ആയാളുടെ മറുവടി. പട്ടാളക്കാരിൽ മിക്കവരും മുപ്പതു വയസ്സിൽ താഴെയായിരുന്നു. ഒരു ചെറുപ്പക്കാരനോടു് വയസ്സു ചോദിച്ചപ്പോൾ ആയാൾക്കു് പതിനേഴ വയസ്സെ ആയിരുന്നുള്ളു. ഈ ചെറുപ്പക്കാരനും കൂടി രണ്ടു കൊല്ലം ബൎമ്മാരംഗത്തിൽ അതിഭയങ്കര യുദ്ധം ചെയ്യേണ്ടി വന്നുവത്രെ.

## ബഹു. ഗവൎണ്ണരുടെ ആശംസ

വീരന്മാരായ ഈ അതിഥികൾ ബൎമ്മാരംഗത്തിൽ പലേടങ്ങളിൽനിന്നുമാണു് വന്നിരുന്നതു്. കാട്ടിൽക്കൂടി യാത്രചെയ്തു അവർ ഒടുവിൽ മണിപ്പൂർ റോഡിൽ വന്നുചേൎന്നു. അവരുടെ കൈവശം പലേ തരത്തിലുള്ള ആയുധങ്ങളും ഉണ്ടായിരുന്നു; മരണഭീതിയുണ്ടാക്കുമാറുള്ള കത്തികളും ഛുട്ടാരങ്ങളുംകൂടി ഉണ്ടായിരുന്നു. കാട്ടുകളിൽ പോർ നടത്തുന്നവരുടെ ദൃഷ്ടികളിൽ പ്രകാശിച്ചുകാണുന്ന ദൃഢതയും ധൈൎയ്യവും അവരുടെ എല്ലാവരുടെയും മുഖകമലങ്ങളിൽ പ്രകാശിച്ചു. ഇങ്ങിനെയാണെങ്കിലും, സന്തോഷം കൊണ്ടുണ്ടാകുന്ന രോമാഞ്ചക്കുപ്പായം ഈ ഘട്ടത്തിൽ എങ്ങിനെയാണവൎക്കു് നനയാതിരിക്കുക? തമിഴ്പാട്ടുകൾ അവൎക്കു കൎണ്ണാനന്ദം നൽകുന്നു; തമിഴു് വനിതകൾ അവൎക്കു് പലഹാരങ്ങൾ, സിഗററു് മുതലായവ നൽകുന്നു; അവർ തമിഴു് നാട്ടിലെ ഹൃദ്യമായ വായു ശ്വസിക്കുന്നു.

ബഹു. മദിരാശി ഗവൎണ്ണർ സേർ ആർതർ ഹോപ്പു് വന്നു് ഈ സഹസ്ര വീരസംഘത്തെ ആശംസിച്ചു: "നിങ്ങൾ എത്ര ആദരണീയന്മാരായ അതിഥികളാണെന്നോ! നിങ്ങളെ ഞങ്ങൾ ഇന്നു് ബഹുമാനിക്കുന്നതു് നിങ്ങൾ ഇതേവരെ ചെയ്തു കൎമ്മത്തിൻെറ മാഹാത്മ്യമാണു്. നിങ്ങൾ ചെയ്തു ധീരകൃത്യങ്ങളുടെ പുകൾ നാനാഭാഗങ്ങളിൽനിന്നും പൊങ്ങുന്നു. നിങ്ങൾ സ്വഗൃഹങ്ങളിൽ എത്തിച്ചേരുമ്പോൾ ഹൃദയാവൎജ്ജകമായ സ്വാഗതം നിങ്ങൾക്കവിടെയും ഉണ്ടാകട്ടെ." നാട്ടുകളിൽ പോയി വിശ്രമംചെയ്യുമ്പോൾ അവിടങ്ങളിലുള്ള മററു ജനങ്ങളെയും പട്ടാളത്തിൽ ചേരുവാൻ പ്രോത്സാഹിപ്പിക്കേണമെന്നും, അവർ നാനാരംഗങ്ങളിൽ പോയി യുദ്ധം ചെയ്യുന്നവസരത്തിൽ അവരുടെ കുഡുംബങ്ങളെ രക്ഷിക്കേണ്ടതിനുള്ള സൎവ്വമാൎഗ്ഗങ്ങളും ഗവമ്മേണ്ടു് ചെയ്തുവെക്കുന്നതാണെന്നും ഗവൎണ്ണരവർകൾ പ്രസ്താവിച്ചു. "നിങ്ങൾക്കു് സൎവ്വം ശുഭമായി വരട്ടെ!"




ശാന്തസമുദ്രരംഗത്തിൽ കിടക്കുന്നതും ഇതേവരെ ജാപ്പാൻകാരുടെ കൈവശമുണ്ടായിരുന്നതുമായ മരിയാനാ ദ്വീപാവലിയിലുള്ള സൈപ്പാൻ ദ്വീപു് അമേരിക്കൻ സൈന്യം കയ്യിലാക്കിയല്ലോ. സൈപ്പാൻെറ പ്രാധാന്യം ഈ പടത്തിൽനിന്നു് വെളിവാകുന്നു. ദീൎഘയാത്രചെയ്യാൻ പ്രാപ്തിയുള്ള അമേരിക്കൻ ബോമ്പർ വിമാനങ്ങൾക്കു് ഇവിടെനിന്നു് പറന്നു് ജാപ്പാനിലും, ജാപ്പാന്നധീനമായ ചൈനാരംഗത്തിലും, ഫിലിപ്പൈൻ ദ്വീപുകളിലും എത്തിച്ചേരുവാൻ സാധിക്കും. ഓൎക്കണം, സൈപ്പാൻ പോയതാണു് ടോജോ മന്ത്രിസഭ പൊളിയുവാനുള്ള കാരണം.

# ഇന്ത്യയിലെ യുദ്ധകാല സാമ്പത്തികസ്ഥിതി

## കൊല്ലം 1939 വരെ

(ഒരു സാമ്പത്തിക നിരിക്ഷകൻ)

[ഇതിനെ സംബന്ധിച്ച ആദ്യത്തെ ലേഖനം 1944 ജൂലായി 21-ാം തിയ്യതിയിലെ ലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്നു]

പഞ്ചസാര വ്യവസായത്തെക്കുറിച്ചാണല്ലോ കഴിഞ്ഞ ലേഖനത്തിന്റെ അവസാനത്തിൽ പ്രതിപാദിച്ചതു്. ലാഭമുണ്ടെന്നു് കാണുന്ന വ്യവസായത്തിൽ ചെന്നു് തിരക്കി കൂട്ടുന്നു; അതിനാൽ വ്യവസായത്തിന്നു് നാശവും വന്നു ചേരുന്നു. ഈ വിധം തിരക്കുകൊണ്ടു കേടു വരുന്ന വ്യവസായമാണു് പഞ്ചസാര എന്നാണല്ലോ വിവക്ഷിച്ചതു്.

കഴിഞ്ഞ ലേഖനത്തിൽ ഇന്ത്യൻ വ്യവസായങ്ങൾക്കുണ്ടെന്നു് വിവക്ഷിച്ചതായ സ്വഭാവങ്ങളുടെ ഫലമായി രണ്ടു പ്രധാന ദോഷങ്ങളാണു് ഇന്ത്യൻ വ്യവസായത്തിന്നു വന്നു ചേരുന്നതു്. ഒന്നാമതു, നമ്മുടെ വ്യവസായങ്ങൾക്കു ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്ന ഒരു ദോഷം ഉണ്ടായിത്തീരുന്നു. രണ്ടാമതു ഇന്ത്യൻ വ്യവസായങ്ങളിൽ ആവശ്യത്തിലധികം യന്ത്രങ്ങൾ വാങ്ങിക്കൂട്ടുന്നു; അവയെ എല്ലാം വേണ്ടുംവിധം ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായോല്പാദനത്തിന്നാവിശ്യവുമില്ല. രണ്ടാമത്തെ ഈ ദോഷം അധികമായി കാൺമാനിടവന്നതു ഇന്ത്യയിലെ ചണവ്യവസായത്തിലാകുന്നു. ചണവ്യവസായത്തിന്റെ ഉല്പന്നങ്ങൾക്കുള്ളാവിശ്യം അപ്പോൾ ചണവ്യവസായശാലകളിലുള്ള യന്ത്രങ്ങളുടെ നാലിലൊന്നുകൊണ്ടു നിറവേററുവാൻ സാധിക്കുമെന്നും അതെവരെയുണ്ടായ ഏററവും വലിയ ആവിശ്യങ്ങൾക്കുകൂടി അപ്പോൾ ഉണ്ടായിരുന്ന യന്ത്രങ്ങളിൽ മൂന്നിലൊന്നുമാത്രം ഉണ്ടായാൽ മതിയെന്നും 1934ൽ ഇന്ത്യാ ഗവമ്മേണ്ടു കൃത്യമായി കണക്കാക്കി. ഈ കണക്കിനെ ഇന്ത്യൻ ജൂട്ട്മിൽ അസോസിയേഷൻ സ്വീകരിച്ചില്ലെങ്കിലും യഥാർത്ഥം ഇന്ത്യാ ഗവമ്മേണ്ടിന്റെ കണക്കുകൊണ്ടു തന്നെയാണു് പ്രത്യക്ഷമായതു്. അതിനാൽ ചണ വ്യവസായത്തിൽ മൂന്നിലൊന്നോളം അനാവിശ്യമായ യന്ത്രച്ചെലവായിരുന്നുവൊന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. മററു വ്യവസായങ്ങളെപ്പററി ഇതിനെ സംബന്ധിച്ച ഇത്ര കണിശമായ കണക്കു കാൺമാനിടയായിട്ടില്ല; എങ്കിലും വിററഴിയാതെയുള്ള ചരക്കിന്റെ ആധിക്യവും, ജോലിചെയ്യാതെ കിടപ്പുള്ള യന്ത്രങ്ങളുടെ എണ്ണവും ആലോചിച്ചാൽ മേൽപറഞ്ഞ ദോഷം മററു വ്യവസായങ്ങളിലും ഉണ്ടെന്നു് പ്രത്യക്ഷമാണു്. കൊല്ലം 1939 ൽ $10\frac{1}{2}$ ലക്ഷം തൻ പഞ്ചസാര ഇന്ത്യയിൽ ഉണ്ടായി; ഇതിൽ നാലു ലക്ഷം തന്നിലധികം വിൽക്കാതെ കിടപ്പായിരുന്നു. ഇതുപോലെത്തന്നെ അതെ കൊല്ലത്തിൽ ഇന്ത്യയിലെ സിമെൻറ് വ്യവസായം രണ്ടര ലക്ഷം തന്നോളം ഉണ്ടായി; എന്നാൽ ഇതിന്റെ അറുപതോ അറുപത്തഞ്ചോ ശതമാനം മാത്രമെ ഇന്ത്യയിലും അന്യദേശങ്ങളിലുംകൂടി ചെലവായുള്ളു. 1939 ആഗസ്റ്റ് മാസം അവസാനിക്കുന്ന ഒരു കൊല്ലത്തിൽ ഇന്ത്യയിൽ 389 പരുത്തി വ്യവസായക്കമ്പനികളുണ്ടായിരുന്നതിൽ സുമാറ് 22 എണ്ണം വെറുതെ കിടക്കുകയായിരുന്നു. ഇതു ബോംബായിലെ മിൽ ഓണേർസ് അസോസിയേഷന്റെ കണക്കാണു്. അക്കൊല്ലം 425 കോടി വാരത്തുണി ഇത്ര വ്യവസായശാലകളിൽ നിന്നുണ്ടായി. ഇതിൽ വലിയൊരു ഭാഗം വില്പനക്കു സാദ്ധ്യമാകാതെ കിടക്കേണ്ടിവന്നു. ഇതുപോലെത്തന്നെ 1939 ജൂലായി മാസത്തിൽ അക്കാലത്തുണ്ടായിരുന്ന വ്യവസായോല്പന്നത്തിന്റെ 50 ശതമാനംകണ്ടു് കുറക്കേണമെന്നു് സത്തേൺ ഇന്ത്യൻ മിൽസ് അസോസിയേഷൻ ശിപാശ്ശി:ചെയ്യുകയുണ്ടായി. മേൽപറഞ്ഞ സംഗതികളെല്ലാം കൂടി ആലോചിച്ചുനോക്കിയാൽ ഇന്ത്യയിലെ പ്രധാനപ്പെട്ട ചില വ്യവസായങ്ങളിൽ ആവശ്യത്തിലധികം ഉല്പാദനമോ അല്ലെങ്കിൽ ആവിശ്യത്തിലധികം യന്ത്രങ്ങളൊ ഉണ്ടെന്നു തീച്ചയാകുന്നുണ്ടു്. ഈ അനാവശ്യ നയത്തിന്നു 1940 മുതൽ 1942 കൂടിയുള്ള മൂന്നു കൊല്ലങ്ങളിൽ വളരെ ചുരുക്കം ഉണ്ടായിരിക്കുന്നു. എങ്കിലും ഇപ്പോഴും കുറേക്കൂടി ചുരുങ്ങുവാനുണ്ടു താനും. ആവിശ്യത്തിലധികം വ്യവസായോല്പാദനമുണ്ടെന്നുള്ള അപവാദത്തിനെ ശക്തികൂട്ടുന്നതാണു് ഇന്ത്യയിലെ ജനതക്കു ആവശ്യങ്ങൾ കാശുകൊടുത്തു വാങ്ങുവാനുണ്ടായിരുന്ന പ്രാപ്തിയില്ലായ്മ. അത്യാവശ്യങ്ങൾകൂടി കാശുകൊടുത്തു വാങ്ങുവാൻ പ്രാപ്തിയില്ലാത്ത ഇന്ത്യൻ ജനതയുടെ ഇടയിൽ ആവശ്യത്തിലധികം വ്യവസായോല്പാദനമുണ്ടാകുന്നതിൽ യാതോരു തെററും ഇല്ലായിരുന്നു. ഇന്ത്യൻ വ്യവസായശാലകളിലുള്ള ഉല്പാദനം എത്ര ചുരുങ്ങിയാലും അധികോല്പാദനാപവാദം കൂടാതെ കഴികയില്ലെന്നാണു് സ്ഥിതി. ഇന്ത്യയിൽ കാശുള്ളവന്റെ ജീവിതരീതിയുംകൂടി താണതാകയാൽ ഉള്ളവനും ഇല്ലാത്തവനും അധികരിച്ചതായി വ്യവസായോല്പന്നങ്ങളിൽ ആസക്തിയില്ല. ഇതിന്നെല്ലാം പുറമെ, ഇന്ത്യൻ വ്യവസായോല്പന്നങ്ങൾക്കുള്ള വില്പനകേന്ദ്രങ്ങളിൽ വിദേശ സാമാനങ്ങളുടെ തിരക്കും സഹിക്കേണ്ടിയിരുന്നു. മാത്രമല്ല കുറച്ചുകാലമായിട്ടു വ്യവസായകാര്യങ്ങളിൽ ഓരോ സംസ്ഥാനവും "തന്നതു മതിയായ്മ" ആചരിച്ചുവരികയും ചെയ്യുവരുന്നുണ്ടു്. ബങ്കാൾ, മദ്രാസ്, മൈസൂർ എന്നീ സ്ഥലങ്ങളിൽ പുതിയ പഞ്ചസാര വ്യവസായം തുടങ്ങേണ്ട അത്യാവശ്യം അവ തുടങ്ങിയ കാലങ്ങളിൽ ഉണ്ടായിരുന്നില്ല. ഐക്യസംസ്ഥാനത്തിലും ബീഹാറിലും ഉള്ള പഞ്ചസാര വ്യവസായ ഉല്പന്നങ്ങൾ കൊണ്ടു് ഇന്ത്യയിലെ ആവിശ്യം ധാരാളം നിറവേററാമെന്നുള്ള സ്ഥിതിയായിരുന്നു അന്നു്. ഇതുപോലെതന്നെ, ബോംബെ, അഹമ്മദബാദ്, ഐക്യസംസ്ഥാനം, മദ്ധ്യസംസ്ഥാനം എന്നീ സ്ഥലങ്ങളിലുള്ള പരുത്തി വ്യവസായശാലകളിൽ അനവധി വെറുതെ കിടക്കേണ്ടിവന്ന കാലത്തു് ബങ്കാളിൽ പുതുതായ പരുത്തി വ്യവസായശാലകൾ തുടങ്ങേണ്ട കാര്യമെന്തായിരുന്നു?

### ഇന്ത്യൻ വ്യവസായ പദ്ധതി

ഇന്ത്യയെ വ്യവസായീകരിപ്പാൻ ആരും സ്വാർത്ഥ പ്രതിപത്തിയോടുകൂടിയ പ്ലാൻ തെയ്യാറാക്കേണ്ടതില്ല. യുദ്ധകാല പരിതസ്ഥിതികൾ ഇന്ത്യയിൽ ഇതെവരെയുണ്ടായിരുന്ന വ്യവസായങ്ങളുടെ ദോഷ ഭാഗങ്ങൾ നീക്കി യുദ്ധാനന്തര കാലത്തേക്കു ദൃഢമായ വ്യവസായ പദ്ധതി രൂപീകരിക്കുന്നുണ്ടു്.

# ജാപ്പാനിലേക്കുള്ള ദുർഗ്ഗമാർഗ്ഗം

## മദിരാശിയിലെ ജനങ്ങൾ ബർമ്മയിൽനിന്നു വന്നുചേർന്ന പതിന്നാലാം പടയിലെ ചില വീരയോദ്ധാക്കളെ സ്വാഗതം ചെയ്യുന്നു

(ക്യാപ്റ്റൻ. ജെ. ഇ. ബാർനീസ് എഴുതിയ ഒരു ലേഖനത്തിൽനിന്നു്)

[കരുത്തുള്ള ആൺകുട്ടികൾ വിചാരിച്ചാൽ എന്താണ് ചെയ്വാൻ സാധിക്കുന്നതെന്ന് പ്രത്യക്ഷമാക്കുന്ന ഒരു സാധനമാണ് മണിപ്പൂർ റോഡ്. മദിരാശിക്കാരായ പട്ടാളക്കാർ വെട്ടിയുണ്ടാക്കിയ ഈ റോഡിന്റെ ചരിത്രമാണ് താഴെ വിവരിച്ചിരിക്കുന്നതു്]





മൂർപവിലിയണിൽ വെച്ചുണ്ടായ സ്വാഗതം. അതിഥികൾ വളരെ ക്ഷീണിച്ചു തളന്നിരിക്കുന്നുവെങ്കിലും വിക്രമന്മാരാണെന്ന് അവരുടെ മുഖഭാവംകൊണ്ടു് തെളിയുന്നുണ്ടു്

ബർമ്മയിൽനിന്നു ജാപ്പൻകാരെ നമ്മുടെ സൈന്യങ്ങൾ ഒരവസരത്തിൽ ആട്ടിഓടിക്കും. അന്നു് ഇന്ത്യൻ സൈന്യത്തിന്നും ബ്രിട്ടിഷ് സൈന്യത്തിന്നും ഉപയോഗിക്കാനുള്ള രണ്ടു റോഡുകൾ വെട്ടിയുണ്ടാക്കുന്ന കാര്യത്തിൽ ഞാൻ 18 മാസം പ്രവൃത്തി എടുത്തിട്ടുണ്ടു്. മദിരാശിക്കാരായ സാപ്പേർസ് ആൻറ് മൈനേർസിന്റെ ഒരു കമ്പിനിയുടെ നേതാവായിരുന്നു ഞാൻ. ഒരു ഘട്ടത്തിൽ ബർമ്മയിൽനിന്നു് നമ്മുടെ സൈന്യങ്ങളെ ഇന്ത്യയിലേക്കു കൊണ്ടുവരുവാനാണ് ആദ്യമായി ബദ്ധപ്പെട്ടുകൊണ്ടു് ഒരു ഊടുവഴി പോലെ ഈ റോഡുകളെ ഉണ്ടാക്കിയതു് പിന്നീടു് ഇന്ത്യയുടെ കിഴക്കൻ അതൃത്തിയിൽ രാജ്യസംരക്ഷണത്തിന്നു വേണ്ടി നിർത്തിയ സൈന്യാവിശ്യാർത്ഥം ഇവയെ കുറെ കൂടി നന്നാക്കി. ഇപ്പോൾ നമ്മുടെ സൈന്യങ്ങളെ രണ്ടാമതും ബർമ്മയിലേക്കു കൊണ്ടുപോകേണ്ടാവിശ്യത്തിന്നു് ഇവയെ ഏററവും വൃത്തിയായി നന്നാക്കീട്ടുണ്ടു്. മണിപ്പൂർ റോഡും അതിനോടു ബന്ധിച്ച മററ് റോഡുകളും എഞ്ചിനിയർ ബുദ്ധിയുടെ ഭഗീരഥ പ്രയത്നമായി പലരും വിവരിച്ചുകാണുന്നുണ്ടു്; എന്നാൽ എഞ്ചിനീയർ ബുദ്ധിയേക്കാൾ അധികമായി അവയെ മനുഷ്യന്റെ കരബലത്തിന്റെയും കരുത്തിന്റെയും ഫലമായിട്ടാണ് കണക്കാക്കേണ്ടതു്. ആൺകുട്ടികളുടെ കെൽപ്പിന്റെ ഒരു ഫലമാണ് ഇതെന്നു പറയാതെ കഴികയില്ല.

### നാനൂറു നാഴിക കാട്ടുവഴി

രണ്ടു കൊല്ലം മുമ്പ് 160 നാഴിക നീളമുള്ള ഒരു വഴിമാത്രമെ ഈ പ്രദേശത്തുണ്ടായിരുന്നുള്ളു. മഴയില്ലെങ്കിൽ ഇതിൽ കൂടി കാറുകൾകൊണ്ടു പോകാമായിരുന്നു. ഇപ്പോൾ ഇതിന്നു പകരം പോക്കുവരവിന്നു വെവ്വേറെ 300 നാഴിക നീളത്തിലുള്ള ഒരു റോഡുണ്ടു്. ഇതു മിക്കതും കല്ലു് കൊണ്ടുറപ്പിച്ചിട്ടുള്ളതാകുന്നു. ഇരുനൂറു നാഴികയോളം ഈ റോഡ് ടാറിടുകയും ചെയ്തിരിക്കുന്നു. ആറായിരം, ഏഴായിരം അടി ഉയരത്തിലുള്ള മലകളിൽ കൂടിയാണ് ഈ റോഡിന്റെ കിടപ്പ്. അനേകായിരം അടി ആഴത്തിലുള്ള താഴ്വര പ്രദേശങ്ങളും അനവധിയുണ്ടു്. ഉഴച്ചുപോകുന്ന പാമ്പിനെ പോലെ വളഞ്ഞു് പിരിഞ്ഞു കിടക്കുന്ന ഈ താഴ്വരകളിൽ കൂടി സാധാരണയായി വരണ്ടുകിടക്കുന്നതും വർഷക്കാലങ്ങളിൽ വെള്ളം നിറഞ്ഞു പ്രവഹിക്കുന്നതുമായ വാഹിനികളും ധാരളമുണ്ടു്. ഈ പ്രദേശം മുഴുവൻ ഒട്ടാകെ കാടുകൊണ്ടു് നിറഞ്ഞു കിടക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള റോഡ്മാത്രമാണൊ ഇവിടെ? ഒന്നാന്തരം മഴ, മലമ്പനി, ശാപ്പാടിന്നുള്ള സാധനങ്ങളുടെ ദൌർല്ലഭ്യം—ഇതാണ് ഈ പ്രദേശത്തിന്റെ പൂർണ്ണയോഗ്യതയെപററി ചിന്തിക്കുമ്പോൾ ആലോചിക്കാനുള്ളതു്. ഇതെല്ലാം കൂടിയാലെ ഈ പ്രപ്രദേശത്തിന്റെ ചിത്രം പൂർണ്ണമാവുകയും ചെയ്യുകയുള്ളു.

പണി മുഴമിക്കേണമെന്ന് സർവ്വജനങ്ങളും ഒരുപോലെ വിചാരിച്ചതുകൊണ്ടു് അതു് പൂർത്തിയാക്കാൻ സാധിച്ചു; ഇല്ലെങ്കിൽ ഒരിക്കലും അതു പൂർത്തിയാകയില്ല. റോഡ് വെട്ടിക്കൊണ്ടു വന്നിരുന്നതിന്റെ മുമ്പിൽ ആദ്യമായി പോയിരുന്നു ഒരു ബ്രിട്ടീഷ് ബുൾഡോസർ. ഇതു പോയ വഴിയാണ് റോഡുവെട്ടുവാനുള്ള നിശ്ചയം. ഈ ബുൾഡോസറിന്റെ ഡ്രൈവർ ഒരവസരത്തിൽ അതിനെ തെളിച്ചുകൊണ്ടു പോകുമ്പോൾ വഴിതെററി കുന്നിൻ മുകളിൽ നിന്നു മറിഞ്ഞു് 200 അടി കീഴ്പോട്ടു വന്നു. വണ്ടി മറിഞ്ഞുവെങ്കിലും താൻ തന്റെ സ്ഥാനം വിടാതിരുന്നു് ഡ്രൈവർ വണ്ടിയെ കീഴ്മേൽ മറിയാതെ രക്ഷിച്ചു. ആ പ്രദേശത്തു് അധിവസിച്ചുവരുന്ന ചില ജനങ്ങളെ ആയാൾ വിളിച്ചു് കൂട്ടി വണ്ടിയിന്മേൽ കെട്ടിയ ഒരു കമ്പി അഴിച്ചു് അതുകൊണ്ടു അതിനെ റോട്ടിലുള്ള ഒരു മരത്തിനോടു ബന്ധിച്ചു. അതിന്നുശേഷം വണ്ടിയെ സ്റ്റാർട്ട് ചെയ്തു പിന്നോക്കം തെളിച്ചു് റോട്ടിലേക്കു കൊണ്ടുവന്നു.

### മദിരാശിക്കാർക്കു പരാജയമില്ല

ഇന്ത്യയിലെ ഭടന്മാർക്കു് ഒരിക്കലും പരാജയമില്ല. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഒരു പാലം പണിയെടുക്കുന്ന ഘട്ടത്തിൽ വലുതായ ഒരപായം നേരിടുകയും മദിരാശിക്കാരനായ ഒരു ലാൻസ്കോർപ്പറലിന്നു് അപകടം പററുകയും ചെയ്തു. അപായം സംഭവിച്ച സ്ഥലത്തുനിന്നു് പന്ത്രണ്ടു നാഴിക വിട്ടിട്ടാണ് ഒരു ചെറുതായ ആശുപത്രിയുണ്ടായിരുന്നതു്. അവിടേക്കു് ഈയാളെ ഒരു കാറിൽകൊണ്ടുപോയതു ഞാനായിരുന്നു. ഡോക്ടർ ഇയാൾക്കു് മുറിയിൽ മരുന്നുവെച്ചു് കെട്ടിയതിന്നുശേഷം ഞാൻ പറഞ്ഞു: "ഇനി നിങ്ങൾ വേഗം സുഖമാകും. വേഗം സുഖമായി രണ്ടാമതും പ്രവൃത്തിയിൽവന്നു ചേരണം," എന്നു്. "എനിക്കിവിടെ കിടക്കുവാൻ വയ്യ. ഞാൻ എന്റെ സെക്ക്ഷനിലേക്കു് തന്നെ പോരികയാണ്. ഞങ്ങളുടെ പണി ഇനിയും കഴിഞ്ഞിട്ടില്ല," എന്നായിരുന്നു ആയാളുടെ മറുപടി. ഇതു കഴിഞ്ഞു രണ്ടു ദിവസത്തിന്നുള്ളിൽ ആയാൾ മരിച്ചു.

ബ്രിട്ടീഷ് സൈന്യ ഉദ്യോഗസ്ഥന്മാർക്കും റോഡിൽ പണിയെടുത്തിരുന്ന പട്ടാളക്കാർക്കും ഒരുപോലെ ഈ പ്രദേശം അസാധാരണമായി തോന്നിയിരുന്നു. പട്ടാളക്കാരിൽ അനവധി ആളുകൾ മദിരാശിക്കാരായിരുന്നു. അതിനാൽ അവരിൽ മിക്കവർക്കും മഞ്ഞു, കാടു, മലകൾ, മലേറിയ, ഭക്ഷണക്ഷാമം ഇവയെല്ലാം പുതിയ അനുഭവങ്ങളുമായിരുന്നു. ദിവസം പതിന്നാൽ മണിക്കൂറോളം അനവധി ദിവസങ്ങൾ ഇടവിടാതെ മഴയിൽനിന്നു കൊണ്ടു പ്രവൃത്തിയെടുക്കയെന്നതു് അവർക്കു അപൂർവ്വമായ ഒരനുഭവമായിരുന്നു. എങ്കിലും പട്ടാളത്തിൽ ചേൎന്ന എത്ര പുതിയവനും യാതൊരാക്ഷേപവുമില്ലാതെ അവന്റെ പ്രവൃത്തികൾ എടുത്തുപോന്നു. എന്നാൽ അത്ഭുതമായ ഒരനുഭവം ഉണ്ടായതു കാലാവസ്ഥ വളരെ ചീത്തയായപ്പോൾ, എല്ലാവരുടെയും രോഗങ്ങൾക്കു സമാധാനം വരികയാണ്.

സുമാറ് ഞങ്ങൾ ഇങ്ങിനെയാണ് പ്രവൃത്തി നടത്തിയതു്. ആദ്യം വളരെ മുമ്പിലായി കാട്ടിൽ തന്നെ അധിവാസം ചെയ്തുവന്നിരുന്ന ബ്രിട്ടീഷ് സാപ്പർ ഉദ്യോഗസ്ഥന്മാരും മററു ഉദ്യോഗസ്ഥന്മാരും പോയ്ക്കൊണ്ടിരിക്കും. റോഡു വെട്ടുവാൻ സൌകര്യപ്പെട്ട ഭൂമി പരിശോധിക്കുകയാണ് ഇവരുടെ പ്രവൃത്തി. ഇവരുടെ യാത്ര ചുരുക്കത്തിൽ കാടുവെട്ടിത്തെളിച്ചുകൊണ്ടു തന്നെയാണ്. പാറകൾ ഉള്ള പ്രദേശങ്ങൾ, ഇളകിയ മണ്ണുള്ള പ്രദേശങ്ങൾ, പരുത്തിക്കു പററിയ കറുത്ത മണ്ണുള്ള സ്ഥലങ്ങൾ, ഈ വകയെല്ലാം ഒഴിച്ചുവിടണം. മററു സ്ഥലങ്ങളെ റോഡു വെട്ടുവാൻപററിയവയുള്ളു. പുഴകളും തോടുകളും ഉള്ളേടങ്ങളിൽ പാലങ്ങൾ കെട്ടുവാൻപററിയ സ്ഥലങ്ങൾ കണ്ടുപിടിക്കണം. ഇവരുടെ പിന്നിലായി ഒരു ഡോസർ എഞ്ചിൻ റോഡിന്നുള്ള ചാലിട്ടുകൊണ്ടു വരുന്നതാണ്. ഇതിന്റെ പിന്നാലെ ഇന്ത്യൻ സാപ്പർമാർ വന്നെത്തും. ഇവർ പാറകൾ വെടിവെച്ചു പൊളിക്കുക, മരങ്ങൾ വെട്ടി മുറിക്കുക, പാലങ്ങൾ പണി ചെയ്യുക, കല്ലു് വെട്ടുവാനുള്ള പ്രദേശങ്ങൾ നിർണ്ണയിക്കുക, കല്ലു് ടക്കുവാനുള്ള യന്ത്രങ്ങൾ നടത്തുക, വെള്ളം എടുക്കുവാനുള്ള സ്ഥലങ്ങൾ നിർണ്ണയിക്കുക, ഈവക പണികൾ എല്ലാം എടുക്കും. ഇതിന്നിടയിൽ സ്റ്റോറുകൾ ഏപ്പെടുത്തുക, തല്ക്കാലം ഉപയോഗത്തിന്നുവേണ്ട യന്ത്രങ്ങൾ കണ്ടുപിടിക്കുകയും ഉണ്ടാക്കുകയും ചെയ്ക, പരിശീലനം നടത്തുക എന്നീ കാര്യങ്ങളും നിവൃത്തിക്കേണ്ടതുണ്ടു്. തനിക്കു നിർണ്ണയിച്ചിട്ടുള്ള പ്രവൃത്തികൾ എടുക്കുന്നതിന്നു പുറമെ ഒരു സാപ്പർ ഒരു യോദ്ധാവും കൂടിയാകാതെ തരമില്ല.

ഇങ്ങിനെയുള്ള പ്രവൃത്തികൾക്കിടയിൽ പലേ തമാശകളും ഉണ്ടാകാറുണ്ടു്. ഒരവസരത്തിൽ ഒരു കുന്നു് ഇടിഞ്ഞുവീണ് അതിന്റെ അടിയിൽ പെട്ട സൈന്യ ഉദ്യോഗസ്ഥൻ ഫോർസ് ഡൈക്ക് അതിൽനിന്നു് രക്ഷ പ്രാപിക്കാൻ വളരെ വിഷമിച്ചു. അതിൽനിന്നു് ഒരു ഫോർസ് ഡൈക്ക് പുരാണം ഉണ്ടായി: എത്ര നന്നാക്കിയാലും നന്നാകാതേകണ്ടിരുന്ന ഒരു മണ്ണിടിവു് പ്രദേശത്തിന്നു് ഞങ്ങൾ "ദുഃഖസാഗരം" എന്ന പേർ കൊടുത്തു. ആളുകളും കഴുതകളും അധികരിച്ചു ചാവുന്ന ഒരു പ്രദേശത്തിന്നു് ഞങ്ങൾ "കപാലഘട്ടം" എന്ന പേരിട്ടു.

### മഴയും മലേറിയയും

തമാശയൊക്കെയുണ്ടായിരുന്നുവെങ്കിലും സങ്കടകരമായ അനുഭവവും ഞങ്ങൾക്കുണ്ടായിരുന്നു. ഒരു തവണ ഒരു കാട്ടുവഴിയിൽ യാതൊരു കേടും തട്ടാത്ത ഒരു മനുഷ്യന്റെ കാല് കാണുകയുണ്ടായി. ആരുടെ കാലാണിതെന്ന് അറിവാൻ യാതൊരു നിവൃത്തിയുമുണ്ടായില്ല; എങ്ങിനെയാണ് അതവിടെ വന്നതെന്നും ആർക്കും പറവാൻ സാധിക്കയില്ല. മറെറാരവസരത്തിൽ ഫീൽഡ് ആസ്പത്രിയിൽ ദീനം പിടിച്ചു കിടന്നിരുന്ന ഒരു സിപ്പായിയുടെ കഥ കേൾക്കേണ്ടതാണ്. ഒരു ദിവസം രാവിലെ പട്ടിക പരിശോധിച്ചവസരത്തിൽ ആയാളെ ചാടിപ്പോയതായി കരുതപ്പെട്ടു. അഞ്ചാഴ്ചക്കു ശേഷം ആയാളുടെ ശവം ഒരു കാട്ടിൽ കിടക്കുന്നതു കാണപ്പെട്ടു. ആസ്പത്രിയിൽനിന്നു് നൂറു വാര മാത്രം വിട്ടിട്ടായിരുന്നു ഈ ശവം കിടന്നിരുന്നതു്.

മഴ, മലമ്പനി, മൌനം ഇതു മൂന്നുമായിരുന്നു ഞങ്ങളുടെ പ്രധാന ശത്രുക്കൾ. മഴക്കാലത്തിലെ പ്രാരബ്ധം ചുരുക്കിപറയുന്നതായാൽ വെള്ളം കെട്ടിനില്പാൻ സമ്മതിക്കരുതെന്നുള്ള ഏക സംഗതിയാണ്. എന്നാൽ ഇതിലും കഷ്ടമായ മറെറാരു സംഗതികൂടിയുണ്ടായിരുന്നു. ഒരു മാസം തെണ്ടിച്ചതു് ഒരു രാത്രികൊണ്ടു് മഴയിൽ കുത്തിയൊലിച്ച് വല്ല താഴവരയിലും കിടക്കുന്നുണ്ടായിരിക്കും. ഒരു കാലത്തു് ജാപ്പാൻകാരേക്കാൾ ഭയപ്പെടേണ്ട ഒരു സാധനമായിരുന്നു മലമ്പനി. എന്നാൽ മെഡിക്കൽ സംഘങ്ങളുടെ പ്രവൃത്തികൊണ്ടു് ഈ സ്ഥിതിക്കു വളരെ ഭേദം വന്നിരിക്കുന്നു. രണ്ടു കൊല്ലംമുമ്പ് മലമ്പനികൊണ്ടു് ചത്തുപോയിരുന്നതിന്റെ ശതാംശമേ ഇപ്പോൾ ചാകുന്നുള്ളു.

### മൌനം

മൌനജീവിതം അത്ര വിഷമതയുണ്ടാക്കുന്നതല്ല. അല്പകാലത്തെ അനുഭവംകൊണ്ടു് സിനിമ, വർത്തമാനക്കടലാസ്സ്, ക്ലബ്ബുകൾ മുതലായവയില്ലാതെ കഴിഞ്ഞുകൂടാമെന്നുള്ള സ്ഥിതി വന്നു. മലയുടെ മുകളിൽ ഫുട്ബാളും, ഹോക്കിയും മററും കളിപ്പാനും നിവൃത്തിയില്ല. കായികാഭ്യാസം, പട്ടാള ഉദ്യോഗസ്ഥന്മാരുടെ പ്രസംഗങ്ങൾ മുതലായവകൊണ്ടു് മൌനത്തിന്നു ഏറക്കുറെ സമാധാനം വരുത്തി. എന്നാൽ ഒരു സൈന്യസംഘം ഒരു സൈന്യനിരയുടെ മുന്നിലുള്ള സംഘമായി ഭവിക്കുന്നേടത്തു് രാത്രി കാലങ്ങളിൽ വളരെ ദുഃഖാവഹമായിട്ടുള്ളതാണ്. ഇരുട്ടാവുന്നതിന്നുമുമ്പ് വിളക്കുകൾ മുഴുവൻ കെടുത്തേണ്ടതുമെന്നായി. പിന്നെ വെളിച്ചാവുന്നതുവരെ കൂരിരുട്ടുതന്നെ. പാട്ടും, വാദങ്ങളും ഒന്നും ഇവിടെ നിവൃത്തിയില്ല. ഇങ്ങിനെ കുറേക്കാലം ജീവിച്ചശേഷവന്നു് പത്തു ദിവസത്തെ കല്പന വലിയ കാര്യമൊന്നുമല്ല.

# ഇന്ത്യയിൽ ഭക്ഷണസംഭരണം

[ഈ വിഷയത്തെക്കുറിച്ചുള്ള ആദ്യത്തെ ലേഖനം 1944 ജൂലായി 21-ാം തിയ്യതിയിലെ യുദ്ധസഞ്ചികയിൽ പ്രസിദ്ധം ചെയ്തിരുന്നു]

ഇന്ത്യയിൽ അനവധി പ്രദേശങ്ങളിൽ ഭൂമിയുടെ നടുവിൽക്കൂടി പുഴകൾ ഒഴുകി ഭൂമിയെ കഷണം കഷണമായി കണ്ടിക്കുന്നു. അല്ലെങ്കിൽ വെള്ളം കെട്ടിനിന്നു ഭൂമിയെ ഉറവുപ്രദേശമാക്കി തീർക്കുന്നു. ഇങ്ങിനെയുള്ള സ്ഥലങ്ങളെല്ലാം കൃഷിക്കുപയോഗപ്രദമാക്കി തീർക്കാവുന്നതാണ്. ഐക്യ സംസ്ഥാനത്തിൽ മാത്രം നോക്കുകയാണെങ്കിൽ ഒട്ടാകെ 680 ലക്ഷം ഏക്ര സ്ഥലമുള്ളതിൽ 80 ലക്ഷം ഏക്ര സ്ഥലം പുഴകളുടെ വികൃതികൊണ്ടു മണ്ണിടിഞ്ഞു നാശമായോ, കുത്തിയൊലിച്ചുപോയോ കിടക്കുന്നു. വെള്ളം കെട്ടിയും മററു വിധത്തിലും കൃഷിക്കിപ്പോൾ ഉപയോഗപ്രദമല്ലാതെ 50 ലക്ഷം ഏക്ര സ്ഥലം കിടക്കുന്നുണ്ട്. ഒട്ടാകെ, ഹിമാലയൻ പ്രദേശങ്ങളെ കണക്കാക്കാതെ തന്നെ നോക്കുന്നതായാൽ 200 ലക്ഷം ഏക്ര സ്ഥലം ഇപ്പോൾ കൃഷിക്കുപയോഗമല്ലാതെ കിടക്കുന്നേടങ്ങളിൽ കാടുവെച്ച് പിടിപ്പിക്കാനും, കന്നുകാലികളുടെ ഭക്ഷണം ഉണ്ടാക്കാനും ഉപയോഗിക്കാം. മണ്ണിൽ ആൽക്കലി നിറഞ്ഞിട്ടുള്ള ഭൂമി ധാരാളമായി ഐക്യസംസ്ഥാനത്തിലും പഞ്ചാബിലും, സിന്ധ് സംസ്ഥാനത്തിലും, ബോംബായി സംസ്ഥാനത്തിലും കിടപ്പുണ്ട്. തോടുകൾ കീറി കൃഷിയുടെ ആവശ്യത്തിന്ന് ജലസേചനമാർഗ്ഗങ്ങൾ ബോംബായി, സിന്ധ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ഏർപ്പാടു ചെയ്തിരിക്കുന്നതിനാൽ, അവിടങ്ങളിലുള്ള വെള്ളത്തിന്റെ കരു ഉയരുവാനും, തന്മൂലം മണ്ണിൽ ഉപ്പുരസം ചേർന്ന് കൃഷിക്കു ഹാനിവരുവാനുതകുമാറ് കേടു വരുവാനും ഇടയായിട്ടുണ്ട്. വടക്കൻ ബീഹാറിലും ബങ്കാളിലും പുഴകളുടെ ഒഴുക്കിന്റെ ഭേദഗതികൊണ്ടോ, അവ വററിപ്പോയതുകൊണ്ടോ അനവധി വെള്ളം കെട്ടി നില്ക്കുന്ന സ്ഥലങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടുവരുന്നു. റോഡുകളും റെയിലുകളും ഇടുന്നതിന്റെ ഗതിക്കു അപകടം വന്നിട്ടും വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങൾ വർദ്ധിച്ചു അവ കൃഷിക്കുപയോഗപ്രദമല്ലാതെയായിട്ടുണ്ട്. ബോംബെ ഡക്കാൻ, മദ്ധ്യ സംസ്ഥാനം, ആസ്സാം എന്നീ സംസ്ഥാനങ്ങളിലും ഇതേ കാരണങ്ങളാൽ കൃഷിക്കുപയോഗശൂന്യമായ സ്ഥലങ്ങൾ വളരെയാണ്. നേരെ മറിച്ചു, ബങ്കാൾ, മദ്രാസ്, ഒറിസ്സാ, സിന്ധ് എന്നീ കടലോര സംസ്ഥാനങ്ങളിൽ നല്ല ഭൂമിയിൽ മണൽ വന്നടിഞ്ഞ് കൃഷിവർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രതിബന്ധങ്ങളായിത്തീരുന്നു. മേല്പറഞ്ഞ വിധം കൃഷിക്കു കൊള്ളരുതാത്ത ഭൂമിക്കാണ് തരിശു നിലങ്ങളല്ലാത്തതും കൃഷിക്കുപയോഗശൂന്യമായതുമായ പ്രദേശങ്ങളെന്ന് ഗവർമ്മെണ്ട് കണക്കുകളിൽ കാണുന്നത്. ഭൂമി നാശം വന്നുപോകുന്ന സർവ്വ കാരണങ്ങളെയും ഇല്ലാതാക്കുന്ന എല്ലാവിധ പ്രവൃത്തികളും നാം ഉടനടി ചെയ്യുവെക്കാത്തപക്ഷം ഇന്ത്യയിലെ കൃഷിക്കുള്ള ആപത്തുകളിൽ ഏററവും പ്രധാനമായിട്ടുള്ള ഈ ആപത്തൊന്നു മതി, ഭാവിയിൽ ഇന്ത്യൻ കൃഷകസമുദായത്തെ ഇല്ലാതാക്കാനെന്ന് നാം അറിയേണ്ടതാണ്. വരമ്പുകൾ ഇട്ട്, കണ്ടങ്ങൾ മണ്ണിട്ടുയർത്തി, വെള്ളമില്ലാതെടങ്ങളിൽ നീരൊഴുക്കുണ്ടാകുമാറ് കിടങ്ങുകൾ കീറിയിട്ടു, കാടുകൾ വെച്ചു പിടിപ്പിച്ചു, കൃഷിക്കുപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ നാം ഉടനടി ചെയ്യാതിരിക്കുന്നപക്ഷം, കൃഷിക്കു വേണ്ടി മറെറന്ത് ചെയ്തിട്ടും യാതൊരു കാര്യവുമില്ല. ഇപ്പോൾ ഓർപ്പുളിയുള്ള പ്രദേശമാണെന്നോ, വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളാണെന്നോ, മണലോരമാണെന്നോ പറയപ്പെടുന്ന സ്ഥലങ്ങൾ വെള്ളം വിട്ട് വാർത്തുകളഞ്ഞോ, ചുണ്ണാമ്പു കൂട്ടിയോ, തോല് വളം ചേർത്തോ, കൃത്രിമവളങ്ങൾ ചേർത്തോ, നന്നാക്കി തീർക്കാം.

സ്ലാട്ടിന ടൈഫൺ സൻറി എന്നൊരുതരം പുല്ലുണ്ട്. ഇതു സുമാറു നെല്ലിന്റെ കതിരുപോലെയാകുന്നു. മണ്ണുകൊണ്ടു നല്ലവണ്ണം തിണ്ടിട്ട് ഈ പുല്ലിന്റെ വിത്തു വിതച്ചാൽ ധാരാളം വളർന്നുവരും. ഡച്ച്കാർ ഈ പുല്ലുപയോഗിച്ചു സ്വൂയിഡർസി കൃഷിക്കുപയോഗപ്രദമാക്കിത്തീർത്തപോലെ ബങ്കാൾ, ഒറീസ്സാ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിലുള്ള ഓർപ്പുളി പ്രദേശങ്ങൾ നന്നാക്കിത്തീർക്കുവാൻ സാധിച്ചേക്കാം. തരത്തിലുള്ള പുല്ലോ, വിളകളോ ഉപയോഗിച്ചാൽ വററികിടക്കുന്നതായ പ്രദേശങ്ങൾ ഭേദപ്പെട്ടുവെന്നുവന്നേക്കാം. മണൽ പ്രദേശങ്ങളിൽ മണലിന്റെ ഉപദ്രവത്തിന്ന് നല്ലൊരു പ്രത്യൗഷധമാണ് ശവോക്കും യൂക്കാലിപ്റ്റസ്സും. പുതുതായി നിലം കൃഷിക്ക് വേണ്ടി വീണ്ടെടുപ്പാനും, പഴയ നിലത്തിന്റെ വളമ വർദ്ധിപ്പിക്കുവാനും ഇത് വളരെ വിശേഷമാണ്. ഐക്യസംസ്ഥാനത്തിലുള്ള മണൽ പ്രദേശങ്ങൾ വളരെ ഉപദ്രവങ്ങൾ ചെയ്യുന്നുണ്ടു; ഇതു നോക്കിയാൽ ഇന്ത്യയിലെ മരുഭൂമി വടക്കു കിഴക്കായിട്ടാണ് വർദ്ധിക്കുന്നതെന്ന് മനസ്സിലാകും. കുററിക്കാടുകളും പുൽത്തിട്ടുകളും ഇല്ലാതായി അവയാൽ മൂടിക്കിടന്നിരുന്ന ഇളകിയ മണല് മുഴുവൻ പടിഞ്ഞാറു നിന്നടിക്കുന്ന കാററിന്റെ ശക്തികൊണ്ട് അടുത്തുള്ള അനവധി ജില്ലകളിലേക്കു പരന്നിട്ടുണ്ട്. ഒന്നാന്തരം കാട്ടുപ്രദേശങ്ങൾ അവിടവിടെയായിവെച്ചു പിടിപ്പിച്ചല്ലാതെ അവയുടെ വർദ്ധനയെ തടയുവാൻ സാധിക്കയില്ല. അല്ലാത്തപക്ഷം മുമ്പു ഫലവത്തായ കൃഷി പ്രദേശങ്ങളെല്ലാം ക്രമേണ മരുഭൂമികളായിത്തീരുന്നതാണ്. വെറും മരുഭൂമികളായി കിടക്കുന്ന പ്രദേശങ്ങളിൽ ചില പ്രത്യേക തരത്തിലുള്ള മരങ്ങളുടെ കൊമ്പു വെട്ടികുത്തി ഒന്നാന്തരം കാടുവെച്ച് പിടിപ്പിക്കാമെന്നു ഐക്യസംസ്ഥാനത്തിലെ അനുഭവം കൊണ്ടറിയാം. മണൽ തിട്ടുകളെ ഇളകാത്ത വിധം ഉറപ്പിക്കുവാൻ യൂറോപ്പിൽ ഒരുവിധം പ്രത്യേക ചെടികൾ ഉപയോഗിക്കുന്നതും, ക്രമേണ ഈ തിട്ടുകൾ വിസ്തീർണ്ണത്തിലുള്ള കാടുകളായി വളർന്നുവരുന്നതും അനുഭവമാണ്. ഗവേഷണം, പ്ലാനിങ്ങ്, നിയമനിർമ്മാണം, വിദ്യാഭ്യാസം ഇതെല്ലാം ഒരേ ഒരു ഭരണത്തിലായിരിക്കണം. ചീത്ത ഭൂമി നന്നാക്കിതീർക്കുന്നതും, ഉള്ള ഭൂമിയെ വേണ്ടപോലെ ഉപയോഗിക്കുന്നതും മററും അനവധിമാർഗ്ഗങ്ങളിൽ കൂടിയാകുന്നു. ഇതിന്നായി പലേ കാര്യങ്ങളും ഒത്തൊരുമിച്ചുകൊണ്ടു നടത്തേണ്ടതായിട്ടും ഉണ്ട്. ഭൂമിനന്നാക്കി തീർക്കുന്നത് ഒരു പ്രത്യേക തരം ഇഞ്ചിനീയരുടെ ജോലിയാണ്. ഇങ്ങിനെയുള്ള എഞ്ചിനീയർമാർ വെള്ളം വാർത്തുകളയുന്നതിന്നും, ജലസേചനത്തിന്നും, ഭൂമിയുടെ രക്ഷക്കുവേണ്ട സസ്യാദികളുടെ കൃഷിക്കും, കാടുവെച്ച് പിടിപ്പിക്കുന്നതിന്നും, മററനവധി ഇത്തരത്തിലുള്ള ജോലിക്കും വിദഗ്ദ്ധന്മാരായിരിക്കുകയും വേണം. ഇതെല്ലാം ഓരോ തരം മണ്ണിന്റെ ഗുണദോഷങ്ങൾ അറിഞ്ഞു ചെയ്യേണ്ട പ്രവൃത്തികളാണ്. ഇതു മാത്രം പോരാ; മണ്ണിന്റെ ഗുണം കളയാതെ ശേഖരിച്ചുകൊണ്ടുള്ള നയം ആസ്പദിച്ചിരിക്കുന്ന പ്രദേശങ്ങളെ ഡിസ്ത്രിക്ട് വാറായി നിയന്ത്രിക്കണം. അമേരിക്കയിൽ ഇങ്ങിനെയാണ് ചെയ്യാറ്. ഇങ്ങിനെ ചെയ്താൽ കൃഷകന്മാർക്ക് ഭൂമി കേടുവന്നു പോകുന്നതിനെ തടയുന്ന കാര്യത്തിലും ഭൂമിയെ വീണ്ടെടുക്കുന്ന കാര്യത്തിലും വേണ്ടത്ര സഹകരണം ആചരിക്കാം.

കേരളീയ സുഹൃത്തുക്കളേ, ഭക്ഷണസാധനങ്ങൾക്കുള്ള ക്ഷാമം തീർക്കാനുള്ള പരിശ്രമങ്ങൾക്ക് അന്യാശ്രയം നമുക്ക് വേണ്ടാ. കാമിച്ചീടുന്നതൊക്കെ തരുന്നതായ ഭൂമിദേവിയും ആണുങ്ങൾക്ക് കരബലവും ഉണ്ടെങ്കിൽ ഭക്ഷണത്തിന്നുള്ള ക്ഷാമം ഒരു പ്രാവശ്യമെ നാം അനുഭവിക്കേണ്ടൂ. **നാളേക്ക് അധികം ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുവിൻ!**



# മദിരാശി ഗവമ്മേണ്ട് കടം എടുപ്പ്

## നൂററിന്ന് കൊല്ലത്തിൽ 3 ക. പലിശ

1. 1937 ഏപ്രിൽ 1-ാം തിയ്യതിക്ക് മുമ്പ് അനുഭവപ്രദമായ ചെലവുകൾ ചെയ്യേണ്ടതിന്നു മദിരാശി ഗവമ്മേണ്ട് ഇന്ത്യാ ഗവമ്മേണ്ടിൽ നിന്ന് വാങ്ങിയ കടത്തിൻെറ ഏതാണ്ടൊരു ഭാഗം വീട്ടേണ്ടതിന്നാണ് ഈ കടം എടുപ്പിക്കുന്നത്.

2. 1935 ലെ ഇന്ത്യാ ഗവമ്മേണ്ട് ആക്ട് സെക്ക്ഷൻ 163 (1) പ്രകാരം ഈ കടത്തിന്ന് മദിരാശി ഗവമ്മേണ്ടിൻെറ എല്ലാ ധനനിവൃത്തി മാർഗ്ഗങ്ങളും ഉത്തരവാദിയാവുന്നതാണ്.

1935 ലെ ഇന്ത്യാ ഗവമ്മേണ്ട് ആക്ട്, സെക്ക്ഷൻ 163 (3) പ്രകാരം ഈ കടം എടുപ്പിക്കുവാൻ ഇന്ത്യാ ഗവമ്മേണ്ടിൻെറ സമ്മതം ലഭിച്ചിരിക്കുന്നു.

3. ഈ കടത്തിന്നു ചുരുക്കത്തിൽ മദ്രാസ് ഗവമ്മേണ്ടിൻെറ 3 പേർസൻറ് ലോൺ, 1958, എന്ന് പേർ പറയും.

4. കടത്തിൻെറ സല ക. 110 ലക്ഷമാണ്.

5. നൂറു രൂപ്പികയുടെ കടപ്പത്രികക്ക് 100 ക. വിലയാണ്.

6. 1944 ആഗസ്റ്റ് 15-ാം തിയ്യതി മാത്രമെ ഇതിന്നുള്ള സംഖ്യ പിരിവു നടത്തുകയുള്ളൂ. ഏതാണ്ട് കടത്തിൻെറ സലക്കുള്ള സംഖ്യ പിരിഞ്ഞുവെന്ന് തോന്നിയ ഉടനെ യാതൊരു മുന്നറിയിപ്പുമില്ലാതെ ഇതിൻെറ പിരിവ് നിർത്തുന്നതാണ്. വേണ്ടിവന്നാൽ അന്ന് വൈകുന്നേരംവരെ പിരിവ് നടത്തിയേക്കാം.

7. പിരിവു സംഖ്യ ക. 100 ലക്ഷത്തിൽ അധികരിക്കുന്നപക്ഷം ഓരോ ഹരജിക്കാരനും വാങ്ങാവുന്ന സംഖ്യ നിർണ്ണയിക്കേണ്ടിവരുന്നതാണ്. ഇങ്ങിനെ നിർണ്ണയിക്കുന്നപക്ഷം, ഓരോരുത്തനും അടച്ച സംഖ്യയിൽ കുറെ മടങ്ങിക്കൊടുക്കേണ്ടതായിവരും. ഓരോരുത്തൻെറയും സംഖ്യ നിർണ്ണയിച്ചു കഴിഞ്ഞാൽ അധികം താമസിയാതെ മടങ്ങികൊടുക്കേണ്ട സംഖ്യ മടങ്ങിക്കൊടുക്കുന്നതായിരിക്കും. മടങ്ങിക്കൊടുക്കുന്ന സംഖ്യക്കു പലിശയില്ല.

8. 1944 ആഗസ്റ്റ് 15-ാം തിയ്യതി മുതല്ക്ക് കടത്തിൻെറ കാലാവധി 14 കൊല്ലമാണ്. 1958 ആഗസ്റ്റ് 15-ാം തിയ്യതി മുതൽ മടങ്ങിക്കൊടുക്കും.

9. 1944 ആഗസ്റ്റ് 15-ാം തിയ്യതി മുതല്ക്ക് കടത്തിലേക്കു കൊടുത്ത സംഖ്യക്കു 100 ക്ക് കൊല്ലത്തിൽ 3 ക. പലിശ കിട്ടുന്നതായിരിക്കും. കൊല്ലത്തിൽ രണ്ടു തവണയായാണ് പലിശ കൊടുക്കുക; ഒന്ന് ഫിബ്രുവരി 15-ാം തിയ്യതിയും, മറേറതു ആഗസ്റ്റ് 15-ാം തിയ്യതിയും. ആദായനികുതിയും അധികാദായ നികുതിയും ചുമത്തപ്പെടുന്നതാണെങ്കിലും, നികുതിക്കുത്തരവാദപ്പെടാത്തവർക്കും, താണതോതിലുള്ള നികുതിക്കുത്തരവാദപ്പെട്ടവർക്കും അടച്ച നികുതി സംഖ്യ മടങ്ങി കിട്ടുന്നതാണ്. കടപ്പത്രികകൾ വാങ്ങിയ ഏതെങ്കിലും ഒരാൾക്കു ബാദ്ധ്യതപ്പെട്ട ആദായനികുതിയും അധികദായ നികുതിയും ഇത്രയാണെന്ന് തെളിയിക്കുന്ന ഒരു സട്ടിഫിക്കെററ് തൻെറ ഡിസ്ത്രുക്ടിലെ ആദായനികുതി ആപ്പീസ്സരുടെ കയ്യിൽനിന്ന് മുൻകൂട്ടി വാങ്ങിവെക്കാം. അങ്ങിനെ വാങ്ങിവെച്ചാൽ ആ തോതിലാണ് ആദായനികുതി കുറച്ചുകൊടുക്കുമ്പോൾ കുറക്കുക.

10. മദിരാശി സംസ്ഥാനത്തിലെ ഏതു ട്രഷറിയിലും സബ്ബ് ട്രഷറിയിലും പലിശകൊടുക്കും. പുറമെ, ബാങ്കളൂർ, തിരുവനന്തപുരം, ഹൈദരാബാദ് (ഡക്കാൻ), എന്നീ സ്ഥലങ്ങളിലെ സെൻട്രൽ ട്രഷറികളിലും, മദിരാശി, ബോംബെ, കൽക്കത്ത, ഡൽഹി, എന്നീ സ്ഥലങ്ങളിലെ പബ്ലിക്ക് ഡറററ് ആപ്പീസ്സുകളിലും പലിശ കൊടുക്കുന്നതാണ്.

11. കടപ്പത്രികകൾ രണ്ടു വിധത്തിലായിരിക്കും:

(1) സ്റ്റോക്ക്—ഹരജിക്കാർക്ക് സ്റ്റോക്ക് സട്ടിഫിക്കെററുകൾ കൊടുക്കപ്പെടും.

(2) പ്രോനോട്ട്.

ഹരജിക്കാർ ഇന്നവിധത്തിലുള്ള പത്രികകൾ വേണമെന്ന് വ്യത്യസ്തപ്പെടുത്തിയില്ലെങ്കിൽ അവർക്കുള്ള പത്രികകൾ പ്രോനോട്ടുകളായിരിക്കും.

പ്രോനോട്ടുകളെ പുറത്തെഴുതി കൈമാററം ചെയ്യാം. പ്രോനോട്ടുകളുടെ തുക, ക. 100, ക. 500, ക. 1000, ക. 5,000, ക. 10,000, ക. 25,000, ക. 50,000, ക. 1,00,000, ഇവയിൽ ഏതെങ്കിലുമാവാം.

12. (1) കടപ്പത്രികകൾക്കുള്ള ഹരജികൾ ക. 100ന്നൊ, അതിൻെറ പെരുക്കങ്ങൾക്കൊ ആകാം.

(2) കടപ്പത്രികകൾക്കുള്ള ഹരജികൾ മദ്രാസ് സംസ്ഥാനത്തിലുള്ള ഇംപീരിയൽ ബാങ്കിൻെറ ഏതെങ്കിലും ശാഖയിലേക്കയക്കാം. അല്ലെങ്കിൽ അനന്തപ്പൂർ, ചിററൂർ, കർണ്ണൂൽ, തഞ്ചാവൂർ എന്നീ സ്ഥലങ്ങളിൽ ഇംപീരിയൽ ബേങ്കിന്നുള്ള ട്രഷറി പെ ഓഫീസുകളിലേക്കാവാം. അല്ലെങ്കിൽ ബാങ്കളൂർ, തിരുവനന്തപുരം, ഹൈദ്രബാദ് (ഡക്കാൻ) എന്നീ സ്ഥലങ്ങളിലുള്ള ഇംപീരിയൽ ബേങ്കിൻെറ ശാഖകളിലേക്കാവാം. അല്ലെങ്കിൽ മദ്രാസ്, ബോംബെ, കൽക്കത്ത, ഡൽഹി എന്നീ സ്ഥലങ്ങളിലെ റിസേർവ് ബാങ്കിൻെറ ആഫീസുകളിലേക്കും ആവാം.

(3) പാരാ 12 (2)ൽ പറഞ്ഞ ഏതു സ്ഥലത്തുനിന്നും കടപ്പത്രികകൾക്കുള്ള ഹരജി ഫോറങ്ങൾ കിട്ടുന്നു. അങ്ങിനെ കിട്ടാത്തപക്ഷം കടപ്പത്രികകളിൽ ഇറക്കുവാൻ നിങ്ങൾ ഉദ്ദേശിച്ച സംഖ്യയും, പത്രികകൾ ഏതുതരത്തിലുള്ളവയായിരിക്കേണമെന്നുള്ള വിവരവും, നിങ്ങളുടെ പേരും മേൽവിലാസവും, നിങ്ങൾക്കു പലിശ കിട്ടുവാൻ സൌകര്യപ്പെട്ട ട്രഷറിയുടേയൊ സബ്ബ്ട്രഷറിയുടേയൊ, പബ്ലിക്ക് ഡററ് ആഫീസിൻെറയൊ പേരും കാണിച്ചുകൊണ്ട് ഒരു ഹരജി കൊടുത്താൽ മതി.

13. എത്ര ഉറുപ്പികയുടെ കടപ്പത്രികക്കാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ ആ സംഖ്യയും അല്ലെങ്കിൽ അതിന്നുള്ള ചെക്കും ഹരജിയുടെ ഒന്നിച്ചുണ്ടായിരിക്കണം. ചെക്കുകൾ ഒന്നുകിൽ റിസർവ് ബാങ്കിലേക്കും, അല്ലെങ്കിൽ ഇംപീരിയൽ ബാങ്കിലേക്കുമായിരിക്കണം.

പണം അടച്ചതു ചെക്ക്മൂലമാണെങ്കിൽ ചെക്കിൽ കാണിച്ച സംഖ്യ പിരിയുന്നതുവരെ കടപ്പത്രിക കൊടുക്കുന്നതല്ല.

14. നൂററിന്നു അരക്കാലുറുപ്പികതോതിൽ ബാങ്കർമാർക്കും ബ്രോക്കർമാർക്കും കമ്മീഷൻ കൊടുക്കപ്പെടും. എന്നാൽ ഈ സംഖ്യ അവരുടെ മുദ്രകുത്തിയ ഹരജികളുടെ സംഖ്യയുടെ തോതിലായിരിക്കുകയും ചെയ്യും.

15. 1945-46 മുതൽ 1957-58വരെ (രണ്ടു കൊല്ലങ്ങളും അടക്കം) ഗവമ്മേണ്ടു ആണ്ടുതോറും നൂററിന്നു ഒന്നരകണ്ടു് ബോണ്ടുകൾ മടങ്ങിവാങ്ങി റദ്ദാക്കുവാനുള്ള സംഖ്യ നീക്കിവെക്കും.

16. മദ്രാസ് ഗവമ്മേണ്ട് ഓരോ ഘട്ടങ്ങളിൽ എടുപ്പിച്ച കടങ്ങൾ വീട്ടേണ്ടതിന്നു ഒരു സിങ്കിങ്ങ്ഫണ്ട് രൂപീകരിപ്പാൻ വേണ്ട ഒരു തുകയും ആണ്ടുതോറും നീക്കിവെക്കുന്നതാണ്.

17. പ്രൊവിൻഷ്യൽ പബ്ലിക്ക് ഡററ് ആഫീസ് മദിരാശി പബ്ലിക്ക് ഡററ് ആഫീസിൽവെച്ചായിരിക്കും നടത്തുന്നത്.

# സംസ്ഥാന ഗവമ്മേണ്ടുകൾ എടുപ്പിക്കുന്ന കടങ്ങൾ

## 3 പണം പലിശ. 1958 ൽ മടങ്ങികിട്ടുന്ന

| — | | ലക്ഷം. | വല്പനവില, നൂററിന്ന്. |
|---|---|---|---|
| | | ക. | ക. ണ. |
| ഐക്യസംസ്ഥാന ഗവമ്മേണ്ടു് | .. | 350 | 99 8 |
| ബൊംബായ് ഗവമ്മേണ്ട് | .. | 344 | 100 0 |
| പഞ്ചാബ് ഗവമ്മേണ്ട് | .. | 270 | 99 8 |
| | | | (രണ്ടാമത്തെ പ്രാവിശ്യം). |
| സിൻറ് ഗവമ്മേണ്ട് .. | .. | 200 | 99 8 |
| മദിരാശി ഗവമ്മേണ്ട് .. | .. | 110 | 100 0 |
| മദ്ധ്യസംസ്ഥാന ഗവമ്മേണ്ടും ബീററും. | | 53½ | 100 0 |

ഓരോ കടത്തിന്നും 1944 ആഗസ്റ്റ് 15-ാം തിയ്യതി മുതല്ക്കു പലിശ കിട്ടുന്നതാണ്.

1944 ആഗസ്റ്റ് 15-ാം തിയ്യതി ചൊവ്വാഴ്ച ഒരു ദിവസംമാത്രമെ ഇവക്കുള്ള പിരിവു നടക്കുകയുള്ളു. ഓരോ കടത്തിന്നും മതിയായ സംഖ്യ പിരിഞ്ഞ ഉടനെ അന്നുതന്നെ പിരിവ് നിൎത്തുന്നതാണ്.

പണമായിട്ടോ ചെക്കായിട്ടോ വരിസംഖ്യ അടക്കാം.

മേൽപറഞ്ഞ ആറു കടങ്ങൾക്കും കടപ്പത്രികകൾ വാങ്ങുവാനുദ്ദേശിക്കുന്നവർ ബോംബെ, കൽക്കത്ത, ഡൽഹി, മദ്രാസ് എന്നീ സ്ഥലങ്ങളിലുള്ള റിസെർവ്വ് ബാങ്കിൽ രാവിലെ 10 മണിക്കു അപേക്ഷിക്കാം.

അതാതു സംസ്ഥാന കടങ്ങൾക്കു് പ്രസ്തുത സംസ്ഥാനത്തിലുള്ള ഇംപീരിയൽ ബാങ്കിലും അപേക്ഷിക്കാം.

ആവിശ്യത്തിലധികം സംഖ്യ ഏതെങ്കിലും കടത്തിന്ന് പിരിയുന്നുവെങ്കിൽ, ഹരജിക്കാൎക്കു് അവരവരുടെ സംഖ്യകൾക്കനുസരിച്ചുള്ള തോതു നിശ്ചയിക്കുന്നതാണ്.

കുറിപ്പു :— ബോംബെ, കൽക്കത്ത, ഡൽഹി, മദ്രാസ് എന്നീ സ്ഥലങ്ങളിലുള്ള റിസെർവ്വ് ബാങ്കുകളിൽ കടപ്പത്രികകൾക്കപേക്ഷ ചെയ്യുന്നവൎക്കു് ഒരു പ്രത്യേക സൌകൎയ്യം ചെയ്തിട്ടുണ്ടു്. തങ്ങൾ ആവിശ്യപ്പെട്ട സംസ്ഥാന കടസംഖ്യക്കു അധികരിച്ച സംഖ്യ പിരിയുന്നതാണെങ്കിൽ, കൊടുത്ത വരിസംഖ്യയുടെ ഒരു ഭാഗം തിരിച്ചുവാങ്ങുന്നതിന്നു പകരം മറേറതെങ്കിലും സംഖ്യ തികയാതെയുള്ള കടങ്ങളിലേക്കു് മാററുന്നതിന്നു വിരോധമില്ല. എന്നാൽ അങ്ങിനെ മാററുവാൻ തങ്ങൾക്കിഷ്ടമാണെന്ന് കാണിച്ചുകൊണ്ടുള്ള സമ്മതപത്രം അവർ ഹരജിയോടൊന്നിച്ച് തന്നെ ഫയൽ ചെയ്യണം. അതിന്നുള്ള ഫാറവും മേൽപറഞ്ഞ റിസെർവ്വ് ബാങ്ക് ആഫ്ഫീസ്സുകളിൽ കിട്ടുന്നതാണ്.

ഈ കടങ്ങളെ സംബന്ധിച്ച അധിക വിവരങ്ങൾ തരുന്നതായ പരസ്യങ്ങളും, സംസ്ഥാന ഗവമ്മേണ്ടുകളുടെ ധനസ്ഥിതിയെക്കുറിച്ചുള്ള അറിയിപ്പും ഹരജി ഫാറങ്ങളും പണം അടക്കുവാൻ പോകുന്ന ബാങ്കുകളിൽ കിട്ടുന്നതായിരിക്കും.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.